404

# ബാലബോധിനി

J. 50

എൻ. കുഞ്ഞൻപിള്ള,
എം. എ., ബി. എസ്സ്‌സി., പിഎച്ച്. ഡി.

ബി. വി. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

# ബാലബോധിനി

## ഒന്നാം ഭാഗം

(മൂന്നാം ക്ലാസിലേക്ക്)

എൻ. കുഞ്ഞൻ പിള്ള
എം. ഏ., ബി. എസ്‌സി., പി. എച്ച്. ഡി.

പ്രകടനാധികൃതൻ
കെ. എസ്. രാമൻമേനോൻ,
ബി. വി. ബുക്കുഡിപ്പോ,
തിരുവനന്തപുരം

[Copyright]

1092

വില ചക്രം ൩

ഗ്രന്ഥകർത്താവിന്റേയും പ്രകടനാധികൃതന്റേയും
മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

SRI KRISHNAVILAS

N. KRISHNA PILLAI TRIVANDRUM

B.V. BOOK DEPOT. TRIVANDRUM

പ്രകടനാധികൃതന്മാൎവേണ്ടി

തിരുവനന്തപുരം കമലാലയപ്രസ്സിൽ അച്ചടിച്ചതു.

൪ ാം പതിപ്പു—കാപ്പി ൧൪൦൦൦

# ബാലബോധിനി

## ൧-ാം ഭാഗം

### അദ്ധ്യായം ൧

ഏതാനും കൊല്ലങ്ങൾക്കുമുമ്പു് ബ്രിട്ടീഷ് മലബാറിൽ നിന്നു് ഒരു നായർകുടുംബം തിരുവിതാംകോട്ട സംസ്ഥാനത്തിന്റെ തലസ്ഥാനത്തു വന്നുചേർന്നു. ആ കുടുംബത്തിലെ പ്രധാനിയ്ക്കു് അവിടെ ചില പരിചയക്കാർ ഉണ്ടായിരുന്നു. അവരുടെ മുഖാന്തിരം അയാൾ രാജധാനിയിൽനിന്നു് ഒരു പതിനഞ്ചുനാഴിക അകലെയായി ഒരു സ്ഥലം തൽക്കാലത്തേക്കു പാട്ടത്തിനു് വാങ്ങി അവിടെ പാർക്കുകയും, അവിടെനിന്നു് ആറേഴു് മൈൽദൂരെ ഒരു നൂറേക്കർ സ്ഥലം പുതുവൽ പതിച്ചു കിട്ടുവാൻ ഹർജി ബോധിപ്പിക്കുകയും ചെയ്തു.

ആ കുടുംബത്തിലെ നായകന്റെ പേർ കേശവൻനായർ എന്നായിരുന്നു. അയാൾക്കു ഈ കഥ നടക്കുന്ന കാലത്തു് അൻപതുവയസ്സിൽ കുറവില്ല. ആൾ കണ്ടാൽ നല്ലവനും നല്ല ആരോഗ്യവാനും കായബലമുള്ളവനും ആയിരുന്നു. ചെറുപ്പം മുതൽക്കേ ബ്രിട്ടീഷ് സർവീസ്സിൽ കണ്ടെഴുത്തുപണിയിൽ ഏർപ്പെട്ടിരുന്നതിനാൽ അയാൾ നിലംപുരയിടങ്ങളുടെ ഗുണദോഷങ്ങൾ നല്ലപോലെ അറിഞ്ഞിരുന്നു; വിശേഷിച്ചു്, പൊതുവെയുള്ള പൊതുകാര്യങ്ങളിൽ വേണ്ട സഹജമായ നോട്ടമുള്ളവനും ആയിരുന്നു. പ്രകൃത്യാതന്നെ അന്വേഷണശീലനായിരുന്ന

അയാൾ സകലചരാചരങ്ങളിലും ദൈവചൈതന്യം നിഴലിച്ചിരിക്കുന്നതായി നിത്യവും കണ്ടറിഞ്ഞ് ആനന്ദിച്ചു.

മാതൃഭാഷയ്ക്കു പുറമെ തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് ഈ മൂന്നു ഭാഷകളും അയാൾക്കു സാമാന്യം നല്ലതിൻവണ്ണം അറിയാമായിരുന്നു. പ്രത്യേകിച്ച്, കൃഷിത്തൊഴിലിൽ വളരെ താല്പര്യവും കൃഷിശാസ്ത്രത്തിൽ ഒരു വിധം പരിജ്ഞാനവും ഉണ്ടായിരുന്നു. "ഉഴവോനുലകിന്നച്ചാണി" എന്നതു അയാളുടെ ഇഷ്ടവാക്യം ആയിരുന്നു എന്ന് പലരും പറഞ്ഞുകേട്ടിട്ടുണ്ട്.

ഗൃഹനായിക കേശവൻനായരുടെ ഭാര്യയായ 'അമ്മാളുഅമ്മ' ആയിരുന്നു. ആ സ്ത്രീരത്നം ബാല്യംതൊട്ട് ഗൃഹജോലി പരിചയിച്ചിരുന്നതിനാൽ പ്രൌഢവയസ്സായപ്പോൾ ഗൃഹഭരണത്തിൽ അതിസമർത്ഥയായിത്തീർന്നു. മലയാളം നല്ലപോലെ എഴുതുവാനും വായിക്കാനും സാധാരണ കണക്കുകൾ കൂട്ടുവാനും അവർ വശമാക്കിയിരുന്നു. ഇക്കൂടാതെ [illegible] തയ്യലും സംഗീതവുംകൂടി പരിശീലിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പാചകത്തിലും പശുപാലനത്തിലും ആയിരുന്നു ആ സ്ത്രീരത്നം മറെറല്ലാവരേയും അതിശയിപ്പിച്ചിരുന്നതു്.

ദിവസംപ്രതിയുള്ള ഗൃഹജോലികൾ കഴിഞ്ഞാൽ പിന്നെ അവൎക്കു സാധാരണയായി ഇളവു സമയം ദുർല്ലഭമാണ്. ഉള്ളതിനെ മുഴുവനും അവർ കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിൽ ഉപയോഗിക്കും. അല്ലാതെ വെറുതെ വെടി പറഞ്ഞോ, കുരളകൾ ചൊല്ലിയോ, സവാരി നടന്നോ സമയത്തെ കളയുക എന്നതു് അവരുടെ സ്വഭാവത്തിനു അശേഷം യോജിച്ചിരുന്നില്ല. അവരു

ടെ സംഗീതം കേൾക്കേണമെങ്കിൽ പ്രതിദിവസം വെളുപ്പാൻകാലത്തുള്ള അവരുടെ ഈശ്വരപ്രാൎത്ഥനസമയത്തു ചെല്ലണം. അവരുടെ കോപം കാണേണമെങ്കിൽ ആ കുടുംബത്തിലുൾപ്പെട്ട വല്ലവരും കടുതായ അകൃത്യം പ്രവൎത്തിച്ചിരിക്കയൊ ജീവികളെ ഹിംസിച്ചിരിക്കയൊ ചെയ്യണം.


കുട്ടികളുടെ പഠിത്തകാൎയ്യത്തിൽ ഭൎത്താവും ഭാൎയ്യയും ഒരുപോലെ പങ്കുകൊള്ളും. ഈ കഥ നടക്കുന്നകാലത്തു് ൧൨-ം, ൧൦-ം, ൮-ം വയസ്സ് പ്രായമുള്ളവരായി മാധവൻ, രാഘവൻ, കുഞ്ഞുലക്ഷ്മി എന്നു മൂന്നു കുട്ടികൾ അവൎക്കുണ്ടായിരുന്നു. ഈ കുട്ടികൾ പൊതുവെ സത്സ്വഭാവികളും അന്വേഷണശീലരും ആയിരുന്നതുകൂടാതെ മാതാപിതാക്കന്മാരോടു പ്രത്യേകം സ്നേഹവും ഭക്തിയും ഉള്ളവരായിരുന്നു.

കുടുംബത്തിൽപെട്ട ആളുകൾ ഇത്രതന്നെ. ഇവരെ കൂടാതെ ഒരു വേലക്കാരനും ഒരു വേലക്കാരത്തിയും മാത്രമെ വിശേഷിച്ചുണ്ടായിരുന്നുള്ളു. അവരിൽ വേലക്കാരനു മുപ്പതു വയസ്സും വേലക്കാരത്തിക്കു് ഏകദേശം നാല്പത്തി അഞ്ചു വയസ്സും ആയിരുന്നു രണ്ടാളും കാൎയ്യശേഷിയും സ്വാമിഭക്തിയും ഉള്ളവർ ആയിരുന്നു.

പുതുവൽ അപേക്ഷ, കൊടുത്തു മൂന്നുമാസം കഴിയുന്നതിനു മുമ്പെതന്നെ കേശവൻനായൎക്കു സ്ഥലം പേരിൽ പതിഞ്ഞുകിട്ടി. പുതുവൽ സ്ഥലത്തിന്റെ തെക്കെ അതിർ സാമാന്യം വലിയ ഒരു പുഴയും പടിഞ്ഞാറെ അതിർ ഒരു പ്രധാന റോഡും ആയിരുന്നു. റോഡിനോടടുത്തുള്ള ഒരു പതിനഞ്ചു ഏക്കർ സ്ഥലം കുന്നുംപുറമായിരു

നു. അവിടെ ഏതാനും ചില പാറക്കെട്ടുകളും കല്ലുമ്പുറങ്ങളും ചുരുക്കമായി ചില നിരപ്പുകളും ഉണ്ടായിരുന്നു. വടക്കും കിഴക്കും അതിൎത്തികൾ ഓരോ കുന്നുകൾ ആയിരുന്നു. ആ ഭാഗം മുഴുവൻ ഒരു ചെറിയ വനംപോലെ കാണപ്പെട്ടു. റോഡരികിൽ നിന്നു കിഴക്കോട്ട് ഏകദേശം നൂറു ദണ്ഡുവരെ ഭൂമി ക്രമേണ ചരിഞ്ഞു ധാരാളം ഉറവുള്ളതും വിശാലവും ആയ ഒരു മൈദാനമായി അവസാനിച്ചു. അതുപോലെ വടക്കും കിഴക്കുമുള്ള കുന്നുകളുടെ ചരിവുകളും ആ മൈദാനത്തിൽ തന്നെ ചെന്നാവസാനിച്ചു. തെക്കോട്ട് ഈ മൈദാനം നദിയുടെ തീരംവരെ നീണ്ടുകിടന്നു. കുന്നുകളുടെ താഴ്വാരം സമീപിച്ചു പല അരുവികൾ ഒലിച്ചിറങ്ങി ഒന്നുചേൎന്നു മൈദാനത്തിൽക്കൂടി ഒഴുകി ഒടുവിൽ ഒരു തോടായിത്തീൎന്നു പുഴയിൽ ചെന്നുചേൎന്നു.

തറവില, തടിവില, രണ്ടിനങ്ങളിലായി സൎക്കാരിലേക്കു ചെല്ലുവാനുള്ള തുക മുഴുവനും കേശവൻനായർ താലൂക്കുകച്ചേരിയിൽ കെട്ടിവെച്ചു് വഴിയെ പിടിപാട്ടംമുദ്രയോടുകൂടിയ പ്ളാനും സമ്പാദിച്ചു. അതിൻെറ ശേഷം അന്നാൾ താലൂക്കിലെ ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ മുൻ വിവരിച്ച വിധമുള്ള അതിരുകളിൽ കല്ലുകൾ സ്ഥാപിക്കയും അതിനെ തുടൎന്നു ചുററും അതിരു കയ്യാല വെട്ടിപ്പിടിക്കയും ചെയ്തു.



## അദ്ധ്യായം ൨.

പുതുവൽസ്ഥലം പതിഞ്ഞുകിട്ടിയതിൻശേഷം ഒട്ടും താമസിയാതെ തന്നെ കേശവൻ നായർ സ്ഥലം സ്വന്തമായി സർവ്വെചെയ്തു് ഖണ്ഡുകളെ തരംതിരിക്കണമെന്നു നിശ്ചയിച്ചു. അതിലേക്കായി ആ ജോലിയിൽ പരിചയമുള്ള രണ്ടു മൂന്നു ആളുകളോടു കൂടി അയാൾ അവിടെ പോയി.

സർവ്വെ നടത്തിനോക്കിയതിൽ വടക്കേക്കുന്നിന്റെ താഴ്‌വാരം മുതൽ പുഴക്കരയിലുള്ള ചളിപ്രദേശം വരെ കിഴക്കും പടിഞ്ഞാറുമുള്ള കുന്നുകൾക്കു് ഇടയിലായിക്കിടക്കുന്ന ഉറവുള്ള മൈതാനത്തിനു് ൩൦ ഏക്കർ വിസ്താരം ഉണ്ടെന്നു കണ്ടു. പുഴയോടു് അടുത്തുള്ള ചളിപ്രദേശവും അതിനെ തുടർന്നുള്ള ചുഴിയും കൂടി അഞ്ചു് ഏക്കർ ഉണ്ടായിരുന്നു. വടക്കും കിഴക്കുമുള്ള വനങ്ങളും അവയുടെ ചരിവുകളുംകൂടി ൫൦ ഏക്കറും പടിഞ്ഞാറുവശം റോഡിനു സമീപിച്ചുള്ള ചെറിയ കുന്നു ൧൫ ഏക്കറും വിസ്താരം ഉള്ളതായി കണ്ടു. ഈ വിവരങ്ങൾക്കു കുറിപ്പുകളും ഓരോ ഭാഗത്തിന്റെ പ്ലാനും തയ്യാറാക്കി അയാൾ ഗൃഹത്തിലേക്കു് മടങ്ങി.

പടങ്ങളും തരവും കണ്ടപ്പോൾ കുട്ടികൾക്കു സ്ഥലം കാണ്മാൻ വലിയ താല്പര്യമായി. എന്നാൽ തൽക്കാലം സഞ്ചാരത്തിനു കുറെ അസൗകര്യമുണ്ടായിരുന്നതിനാൽ അവരുമായുള്ള യാത്ര ഒരുവാരം കഴിഞ്ഞാകാമെന്നു അയാൾ പറഞ്ഞു. അതിനിടക്കു് പബ്ലിക്‌റോഡിൽ നിന്നു പുതുവലിന്റെ നടുവിലുള്ള മൈതാനസ്ഥലത്തേക്കും അവിടെ നിന്നു പുഴയുടെ കരയിലേക്കും വട

ക്കും കിഴക്കുമുള്ള കുന്നുകളുടെ മുകളിലേക്കും ഓരോ ആറടിപ്പാതകൾ വെട്ടിക്കാൻ അയാൾ നിശ്ചയിച്ചു. കർക്കടകമാസം ആരംഭമായിരുന്നതിനാൽ തൽക്കാലം വേലക്കാർക്ക് അത്ര പഞ്ഞമില്ലായിരുന്നു. ആ ദിഗ്വാസികളുടെ സഹായത്തോടുകൂടി അയാൾ ഇരുനൂറോളം പുലയരേയും പറയരേയും ശേഖരിച്ചു മൺവെട്ടി, കുന്താലി, വെട്ടുകത്തി മുതലായവകൊണ്ടു വഴിവെട്ടുവേല ആരംഭിച്ചു.

ആ വേല മുഴുവൻ ആയതിൻെറ ശേഷം ഒരു ദിവസം അതിരാവിലെ ഒരു വനഭോജനത്തിന് വേണ്ടവകകളെല്ലാം ഒരുക്കി അതുകളേയും ഒരു കൂടാരക്കോപ്പ്, പണി ആയുധങ്ങൾ മുതലായവയേയും വേലക്കാർവശം മുമ്പിൽ കൂട്ടി അയച്ചുംവെച്ച്, കേശവൻനായർ ഭാര്യയും കുട്ടികളുമായി യാത്രതിരിച്ചു. യാത്ര വണ്ടിയിൽ ആയിരുന്നതിനാൽ എളുപ്പം പുതുവൽസ്ഥലത്തിൻെറ അടുക്കൽ പടിഞ്ഞാറുവശം റോഡിൽ അവർ ചെന്നെത്തി. പിന്നെ വണ്ടിയിൽ നിന്നിറങ്ങി അവർ പുതുവൽ സ്ഥലത്തിൻെറ പടിഞ്ഞാറുവശമുള്ള ചെറിയ കുന്നിൽ കൂടി വെട്ടിയിരുന്ന ആറടിപ്പാതവഴിയേ കിഴക്കോട്ടു നടന്നു നടുക്കുള്ള മൈദാനത്തു ചെന്നു. അവർ പിന്നെ വടക്കോട്ടു തിരിഞ്ഞ് ആറടിപ്പാതവഴിയേ വടക്കേക്കുന്നിൽ കൂടാരം അടിച്ചിരുന്ന സ്ഥലത്ത് ചെന്നുചേർന്നു. അപ്പോഴേക്ക് സൂര്യൻ കിഴക്കുദിച്ച് അല്പം പൊങ്ങികഴിഞ്ഞു.

മുമ്പിൽകൂട്ടിചെന്നിരുന്നവർ കൂടാരം അടിച്ചിരുന്നതു വടക്കേക്കുന്നിൽ ഒരു വടവൃക്ഷത്തിൻെറ ചുവട്ടിൽ ആയിരുന്നു. ആ സ്ഥാനമാവട്ടെ സമുദ്രനിരപ്പിൽനിന്നു മുന്നൂറ് അടിയോളം പൊക്കമുള്ളതായിരുന്നു. അവിടെ നി

നു നോക്കിയാൽ കാണാവുന്ന അകൃത്രിമമായ പ്രകൃതിവിലാസം പറഞ്ഞറിയിക്കാൻ കേവലം പ്രയാസം തന്നെ. തെക്ക് കാലിന്റെ അടിയിൽ എന്നപോലെ വെള്ളം നിറഞ്ഞൊഴുകുന്ന ഒരു പുഴയും നിബിഡമായി നിൽക്കുന്ന ഊക്കൻ തീ॥ വൃക്ഷങ്ങളും; പടിഞ്ഞാറ് ഇരുപതു മൈൽ അകലെയാണെങ്കിലും വിസ്തീർണ്ണമായ മഹാസമുദ്രം; വടക്കും കിഴക്കും നിരനിരയായി ഉയർന്നുകാണുന്ന പർവതപംക്തികൾ നേരെ മുമ്പിൽ അടുക്കലായിട്ട് കുന്നും കുഴിയും, ചെളിയുംവെള്ളവും, കാടുംപടർപ്പും, കല്ലും പാറയും ഇടകലർന്നുള്ള പുതുവൽസ്ഥലം!!

ഏകദേശം എട്ടുമണി സമയമായപ്പോൾ ആണ് നായരും കൂട്ടരും കുന്നിൽ എത്തിയതു്. ഉച്ചയ്ക്കു ഊണിനു വട്ടം കൂട്ടുവാൻ അരിവെപ്പുകാരനും അയാളെ സഹായിക്കുവാൻ ഒരു വേലക്കാരനും കാലെക്കൂട്ടി ഏൎപ്പെട്ടു. അമ്മാളുഅമ്മയും മക്കളും കൂടി വേഗത്തിൽ ഒരു ലഘുഭക്ഷണം തയ്യാറാക്കി. കാപ്പികഴിഞ്ഞശേഷം കേശവൻനായർ ഒന്നു രണ്ടു ഭൃത്യരുമായി പുറപ്പെട്ടു പുതുവലിന്റെ പല ഭാഗങ്ങളും കഴിച്ചു കണ്ടുപരിശോധിച്ചു കൊണ്ടിരുന്നു. അമ്മാളുഅമ്മയും മക്കളും കൂടി ആ കുന്നിൻപുറത്തു ചുററിനടന്നു നോക്കിനിന്നു.

മുൻപറഞ്ഞ വിധമുള്ള പ്രകൃതിവിലാസം കണ്ടു കുട്ടികൾ വളരെ വിസ്മയിച്ചു. കുറേനേരത്തേക്ക് അവർ പല ദിക്കിലേക്കും നോക്കിനിന്നുപോയി. അനന്തരം കുഞ്ഞുലക്ഷ്മി ഇപ്രകാരം പറഞ്ഞു.

ഇവിടെ ഇങ്ങനെ നോക്കിനിന്നാൽ ഒരവസാനമി

ല്ലാം. 'ഇവിടെ'ഉള്ള' അതാറി യാതൊന്നും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല.'

മാധവൻ:—കാഴ്ചകൾ പലവിധമായിരിക്കുന്നതാണു വിശേഷം. എല്ലാം ഒരേമാതിരിയാണെങ്കിൽ മുഷിഞ്ഞുപോകും. അതാ കാണുന്ന സമുദ്രം അതു വളരെ വളരെ കേമമായിരിക്കുന്നു, സംശയമില്ല. എങ്കിലും പല ദിവസം ഒരുമിച്ച് കണ്ടുകഴിഞ്ഞാൽ അതിലുള്ള പുതുമ പൊയ്പ്പോകും. നേരെ മറിച്ച് ഇപ്രകാരമുള്ള കാഴ്ചകൾ ഒരു നാളും മുഷിഞ്ഞുപോകയില്ല.

അമ്മ:—ഇത്തരം കാഴ്ചകൾ അതിവിശേഷമാണ്; പരമാനന്ദകരവുമാണ്. എങ്കിലും ഇതൊക്കെ പലരാൾ വെറുതെ നോക്കിനിന്ന് മാത്രം കഴിക്കുന്നതു അത്ര ശരിയല്ല. ആനച്ചന്തം മാത്രം കാണുന്നവർ അവയവഭംഗി അറിയുന്നില്ല.

രാഘവൻ:—ആനച്ചന്തമെന്നുവെച്ചാൽ എന്താണമ്മേ?

അമ്മ:—ആനയുടെ നിറം അവയവങ്ങളും വിലക്ഷണങ്ങളാണെന്നു സാധാരണക്കാർ വിചാരിക്കുന്നു. പല്ലൊരുവിധം, ചെവിയൊരുവിധം, വായൊരുവിധം, കാലൊരുവിധം, വാലൊരുവിധം, പിന്നെ മൂക്കിന്റെ കഥ പറയാനുമില്ല എങ്കിലും ആകപ്പാടെ നോക്കുമ്പോൾ ഒ[illegible]ണ്ടൊരുഭംഗിയുമുണ്ട്. ഇതാണ് ജനബോദ്ധ്യം; അങ്ങിനെ ആ ആകപ്പാടെയുള്ള അഴകിനാണ് 'ആനച്ചന്തം' എന്നു പറയുന്നത്.

മാധവൻ:—ശരി. ഇവിടെ ആനച്ചന്തമെന്നു പറഞ്ഞു

ഇ് ഈ കാണുന്ന കാഴ്ചതന്നെ. എന്നാൽ ഇനി ഇതിന്റെ അവയവങ്ങൾ എന്തെല്ലാമാണു അമ്മേ!

അമ്മ:—അറിവാൻ ഈ കാണുന്ന വസ്തുക്കളെ മൊത്തമായി തരം തിരിക്കണം. ഓരോ തരത്തിനേയും പല പിരിവുകളായി പകുക്കണം. അവയെ ഓരോന്നിനേയും കുറിച്ചുള്ള പരമാർത്ഥങ്ങൾ പ്രത്യേകം പ്രത്യേകം അറിയണം. പ്രത്യക്ഷമായി അറിവാൻ പാടില്ലാത്തവയെ പലപരീക്ഷകൾ കൊണ്ടും പരിശോധനകൾ കൊണ്ടും മനസ്സിലാക്കണം.

മാധവൻ:—അമ്മ പറഞ്ഞുതുടങ്ങിയപ്പോൾ ഇതൊരു പ്രസംഗമെഴുന്നതുപോലെയാണെന്ന് എനിക്കു തോന്നി. അപ്പോൾ ഈ വസ്തുക്കളെ എങ്ങനെ തരം തിരിക്കണം?

അമ്മ:—ഭൂമിയിലുള്ള എല്ലാവസ്തുക്കളേയും ജീവനുള്ളവയെന്നും, ജീവനില്ലാത്തവയെന്നും പൊതുവെ രണ്ടായിത്തിരിക്കാം; അതാ നോക്കുക.

രാഘവൻ:—അമ്മേ! ഞാൻ കണ്ടു. ഞാൻ പറയാം ആ ചാടി ചാടിയ് അണ്ണാനും അതാ പറക്കുന്ന പക്ഷിയും നമ്മെപ്പോലെ ജീവനുള്ളവയാണു. ആ കാണുന്ന പാറകളും ഈ നില്ക്കുന്ന മരങ്ങളും ജീവൻ ഇല്ലാത്തവയുമാണു. അല്ല അമ്മേ!

മാധവൻ—രാഘവൻ തെററി.

രാഘവൻ—ഞാൻ തെററീല. ചേട്ടനു തെററിപ്പോയി. ആ മരവുമെന്നും പാറകളുംഒരുപോലെ ഉള്ളതല്ലയൊ? ഇതുകൾക്കു നടന്നോ പറന്നോ ഒരിടത്തുനിന്നു മറെറാരിടത്തു തന്നെത്താനെ പോവാൻ ശക്തിയല്ല. അ

തിനാൽ ഇവകൾ അചരങ്ങളാണെന്നും മൃഗങ്ങളും പക്ഷികളും നാമും ചരങ്ങളാണെന്നും സാർ നമുക്ക് പറഞ്ഞുതന്നിട്ടുണ്ടല്ലോ.

അമ്മ:—അതെല്ലാം ശരി തന്നെ. ചരം എന്നും അചരം എന്നുമുള്ള തരംതിരിപ്പ് സ്ഥൂലമായിട്ടുള്ളതാണ്. രാഘവാ, നോക്കൂ. ഞാൻ പറഞ്ഞതു "ജീവൻ ഉള്ളവ", "ജീവൻ ഇല്ലാത്തവ" എന്നു ഭാഗിക്കാമെന്നാണല്ലോ. ജീവനുള്ളവയിൽ ചെടികളും ജന്തുക്കളും ഉൾപ്പെട്ടും. ജീവൻ ഇല്ലാത്തവയെ ധാതുക്കൾ എന്നു പറഞ്ഞുപോരുന്നു.

രാഘവൻ:—അപ്പോൾ ജീവനുള്ളവയെല്ലാം ചരങ്ങൾ അല്ല എന്നായി. ആ സ്ഥിതിക്കു ചെടികൾക്കും ജീവനുണ്ടല്ലോ? എന്നാൽ കഷ്ടം ഞാൻ വെറുതെ എത്ര ചെടികളെ വെട്ടിക്കളഞ്ഞിരിക്കുന്നു. അതൊക്കെ പാപം തന്നെ

മാധവൻ:—അതിന് സംശയമുണ്ടോ? ജഗദീശ ചന്ദ്രബോസിനെ ഞാൻ നിന്നോടു പലപ്പോഴും പറഞ്ഞിട്ടില്ലേ? രാഘവാ നീ മറന്നുകളഞ്ഞോ? തൊട്ടാൽ അറിവാൻ മാത്രം കഴിയുന്ന "ഓരറിവുയിർകളാണ്" പുല്ല്, മരം മുതലായവ എന്നു തമിഴ് മുൻഷിസാർ പറഞ്ഞതു നീ ഓർക്കുന്നില്ലേ?

രാഘവൻ:—ശരി തന്നെ, ചേട്ടാ. മരം, പുല്ല് മുതലായ സസ്യവർഗ്ഗത്തിൽ ഉൾപ്പെട്ടതെല്ലാം ഉയിരുകളിൽ ചേർന്നവയാണെന്നും എന്നാൽ ഇതുകൾക്കു നമുക്കുള്ളതുപോലെ അഞ്ചു ഇന്ദ്രിയങ്ങളും ശരിയായിട്ടു വെളിപ്പെട്ടിട്ടില്ല എന്നും സ്പർശേന്ദ്രിയം മാത്രമേ ഉള്ളുവെന്നും ആ സാർ പറഞ്ഞതു ഞാൻ ഓർക്കുന്നുണ്ട്.

അമ്മ:—രാഘവാ നിങ്ങളുടെ മുൻഷിസാർ പറഞ്ഞതു് ശരിയാണു്. ചെടികൾക്കു് 'ഉയിർ' ഉണ്ടു്. ഉയിർ എന്നതു് ജീവൻതന്നെ. നാം ജനിച്ചു് വളൎന്നു് മരിക്കുന്നു. അതുപോലെ തന്നെ ചെടികളും മുളച്ചു് വളൎന്നു് നശിക്കുന്നു. കാൎയ്യം എല്ലാം ഒന്നുപോലെ തന്നെ നമുക്കുള്ളതുപോലെ അവയ്ക്കും അവയവങ്ങൾ ഉണ്ടു് എന്നാൽ അവയെല്ലാം പ്രത്യക്ഷമായി പ്രത്യേകം പ്രത്യേകം വെളിപ്പെട്ടുവന്നിട്ടില്ല

കുഞ്ഞുലക്ഷ്മി:—അതുള്ളതുതന്നെ. നമുക്കു രക്തമുണ്ടെങ്കിൽ ചെടികൾക്കു് ചാറുണ്ടു്. വായു്, കണ്ണു്, മൂക്കു്, കാതു്, കയ്യ് ഇവയ്ക്കു പകരം ധാരാളം വേരുകൾ, പച്ച ഇലകൾ, കൊമ്പുകൾ ഇതുകളുണ്ടു്.

അമ്മ:—അതെ കുഞ്ഞേ. നീ പറഞ്ഞതെല്ലാം ശരിയായിരിക്കുന്നു; എന്നാൽ ശ്വാസോച്ഛ്വാസം ചെയ്യുന്നതിലും ആഹാരത്തു് വായുവിനെ ഉൾക്കൊള്ളുന്നതിലും പുറത്തുവിടുന്നതിലും മററും ചില വ്യത്യാസങ്ങളുണ്ടു്. അതുമല്ലാ, ചെടികൾ അവയ്ക്കു് ആവശ്യമുള്ള ആഹാരത്തെ പ്രധാനമായി വേരുകൾ വഴിയാണു് സ്വീകരിക്കുന്നതു്. പച്ച ഇലകൾ, പച്ചയായ മററുഭാഗങ്ങൾ ഇവയിൽ കൂടിയും ചെടികൾ വായുവിൽ നിന്നു് ആഹാരത്തെ എടുത്തുകൊള്ളുന്നുണ്ടു്.

രാഘവൻ:—അപ്പോൾ ചെടികളുടെ ഉടൽ മുഴുവനും വായ്കൾ തന്നെ അല്ലേ ചേട്ടാ?

മാധവൻ:—തന്നെ രാഘവാ, ദേവന്റെ ഉടൽ മുഴുവനും കണ്ണുകൾ ആനതുപോലും അതുപോലെ

ചെടികളുടെ ഉടൽ മുഴുവനും വാസ്തവം തന്നെ.

അമ്മ:—നന്നായിരിക്കുന്നു. നിങ്ങളുടെ അച്ഛൻ നേരംപോക്കായി ചിലപ്പോൾ പറയുന്നതു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും.

കുഞ്ഞുലക്ഷ്മി:—അതു് എന്താണമ്മേ! ഞാൻ കേട്ടതായി ഓൎക്കുന്നില്ല.

അമ്മ:—ദേവേന്ദ്രനു് ഉടൽ എല്ലാം കണ്ണുകൾ ഉള്ളതുകൊണ്ടു സഹസ്രാക്ഷൻ എന്നു പേരുണ്ടു്. അൎത്ഥം ആയിരം കണ്ണൻ എന്നാണു്. ഇന്ദ്രനു് ആ പേർ ചേരുന്നതുപോലെ ചെടികൾക്കു സഹസ്രാസ്യങ്ങൾ എന്നു പേരും ചേരുമെന്നു നിങ്ങളുടെ അച്ഛൻ കൂടക്കൂടെ പറയും. "സഹസ്രാസ്യങ്ങൾ" എന്നതിന്റെ അൎത്ഥം ആയിരം ആസ്യം അല്ലെങ്കിൽ വായോടുകൂടിയവ എന്നാകുന്നു. കുട്ടികളെ! കാൎയ്യം പറഞ്ഞുകൊണ്ടിരിക്കവെ കളിപറവാൻ പാടില്ലാത്തതാകുന്നു.

രാഘവൻ:—കളി വേണ്ടാ അമ്മെ! ചെടികളും ജീവൻ ഉള്ളവയാണെന്നു മനസ്സിലായി. അപ്പോൾ മനുഷ്യർ മുതൽ ചെടികൾ വരെ ഉള്ളതെല്ലാം ജീവനുള്ളവ അല്ലെങ്കിൽ ഉയിരുകളാണു്. അല്ലെ ചേട്ടാ—

മാധവൻ:—അതുവരെ ശരിയായി. ധാതുക്കൾ എന്നു പറഞ്ഞതു് എന്താ അമ്മെ!

അമ്മ:—ചെടികളും പ്രാണികളും ഒഴിച്ചുള്ളവ എല്ലാം ധാതുക്കളാണു്. അതുകൾക്കു് ജീവൻ ഇല്ല. ധാതുക്കൾ ഒററയായിട്ടും ഒന്നുചേൎന്നിട്ടും രണ്ടുവിധത്തിൽ ഉണ്ടു്. ഈ കാണുന്ന പാറകൾ, കല്ലുകൾ, മണ്ണുകൾ ഇതുകളെല്ലാം ധാതുക്കളാണു്. ബോൎഡ്ഡിൽ എഴുതാൻ

ഉപയോഗിക്കുന്ന ചാക്ക്, മണ്ണെണ്ണ; വിറകിനു പകരം
ഉപയോഗിക്കുന്ന കൽക്കരി ഇതുകളും ധാതുക്കൾ ആ
കുന്നു. ഭൂമിയിൽ നിന്നു കുഴിച്ചെടുക്കുന്ന, പൊന്നു, വെ
ള്ളി, ചെമ്പ്, ഇരുമ്പു മുതലായ ലോഹങ്ങൾ, വജ്രം മു
തലായ രത്നങ്ങൾ, ഉപ്പ്, ഗന്ധകം രസം, ആദിയായ മ
ററു സാധനങ്ങൾ ഇവയും ധാതുക്കൾ തന്നെ.

കുഞ്ഞുലക്ഷ്മി:— ജ്യേഷ്ഠന്മാർക്ക് സസ്യങ്ങളെപ്പററി
ഒക്കെ അറിയാമെന്നു തോന്നുന്നു. എനിക്ക് അറിഞ്ഞു
കൂടാ; ജന്തുക്കളെപ്പററിയും ഏകദേശം അങ്ങനെതന്നെ.

അമ്മ:— ഞാൻ പറഞ്ഞുതരാമല്ലോ. ഒന്നാമതാ
യി ജന്തുക്കൾക്കും സസ്യങ്ങൾക്കും മുൻപറഞ്ഞതുപോലെ
ജനനം, വളൎച്ച, നാശം, ഈ മൂന്നു അവസ്ഥകളും ഉണ്ടു.
രണ്ടാമതായി, ഈ രണ്ടിലും നിന്നു സന്താനങ്ങൾ ഉണ്ടാ
യി വംശം വൎദ്ധിച്ചുവരുന്നു. മൂന്നാമതായി; ഇവയ്ക്കു് ഓ
രോ പ്രത്യേകജോലി നടത്തുവാൻ ഓരോ പ്രത്യേക അം
ഗങ്ങളുണ്ടു്. (മനുഷ്യരുടെ കൈകാലുകളും മറ്റും പോ
ലെ, ഇല, വേരു് പൂവു് എന്നിവ സസ്യങ്ങളുടെ അംഗ
ങ്ങളാണു്) ഈ മൂന്നും ആണു് ജീവികളുടെ പ്രത്യേക ല
ക്ഷണങ്ങൾ: ഈ ലക്ഷണങ്ങൾ ധാതുക്കൾക്കു കാണു
ന്നില്ല. ജന്തുക്കളുടേയും സസ്യങ്ങളുടേയും കാൎയ്യത്തിൽ
ഉള്ള വ്യത്യാസം പ്രധാനമായി രണ്ടാണു്. ഒന്നു: സ
സ്യങ്ങൾ മിക്കവാറും ഒരേസ്ഥലത്തുതന്നെ നില്ക്കുന്നു.
ആ സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ചുമാത്രം ജീവിക്കു
ന്നു. ജന്തുക്കൾക്കു സ്വേച്ഛപോലെ സഞ്ചരിക്കാം. രണ്ടു
സസ്യങ്ങൾ വായു പോലെയോ വെള്ളംപോലെയോ ഉ
ള്ള സാധനങ്ങളെ മാത്രമേ ഭക്ഷിക്കുന്നുള്ളൂ. കൃഷിനില

ത്തിലിട്ടുന്ന വളങ്ങൾ വെള്ളത്തിൽ അലിഞ്ഞശേഷമാ ണ ചെടികൾക്ക ഉപയോഗപ്പെടുന്നതു്. ജന്തുക്കൾക്ക കട്ടിയുള്ള പദാൎത്ഥങ്ങളേയും ഭക്ഷിക്കാം.

രാഘവൻ—അമ്മാ! വെയിലുറച്ചു കഴിഞ്ഞു. മണി പതിനൊന്നായിരിക്കണം.

അമ്മ—ശരി. നമുക്കിനി അങ്ങോട്ടുപോകാം. ശേഷം ഇനിയൊരിക്കലാകട്ടെ.

---

അദ്ധ്യായം ൩

നേരം ഉച്ചയായി. എല്ലാവൎക്കും വിശപ്പും ദാഹവും ക്ഷീണവും വൎദ്ധിച്ചു. എന്നാൽ ഇനി ഭക്ഷണത്തിനുള്ള ഒരുക്കമൊകട്ടെ എന്നു അവർ നിശ്ചയിച്ചു. നെടിയ ഇലകൾ നിരത്തിയിട്ട ഓരോരുത്തൎക്കും വേണ്ട ഭക്ഷണസാധനങ്ങൾ ധാരാളമായി വിളമ്പി. എല്ലാവരും ഊണുകഴിച്ചു. ഏത്രയും സുഖകരമായ കാററും മനോഹരമായ കാഴ്ചയും തൃപ്തികരമായ ഭക്ഷണവും വിശ്രമവും കൂടി യോജിച്ചപ്പോൾ അവർ പരമാനന്ദം അനുഭവിച്ചു. ചിലർ അവിടെ നിലത്തുകിടക്കയും ചിലർ ആലിന്റെ വേരുകളിലും മററും വിശ്രമിക്കയും ചെയ്തു. അപ്പോഴും ചുററുമുള്ള രമണീയമായ കാഴ്ചതന്നെ സംഭാഷണവിഷയമായിത്തീൎന്നു. പലതും പറഞ്ഞ കൂട്ടത്തിൽ കാഴ്ചയെപ്പററി അന്നേദിവസം താൻ മനസ്സിലാക്കിയ സംഗതികൾ രാഘവൻ അച്ഛനെ കേൾപ്പിച്ചു. അതിനെ തുടൎന്നു കേശവൻനായർ ഇങ്ങനെ പറഞ്ഞു:—

കേശ:—കുഞ്ഞേ! നീ പ്രകൃതിയെപ്പററി വളരെക്കാൎയ്യങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. അതിനാൽ എനിക്കു

വളരെ സന്തോഷമുണ്ടു്. എന്തെന്നാൽ സാധാരണമായ നമ്മുടെ കുട്ടികൾ പ്രകൃതിയെപ്പററി അറിവുള്ളവരോ അറിവു സമ്പാദിക്കണമെന്നാഗ്രഹമുള്ളവരോ ആയിക്കാണുന്നില്ല. അവരുടെ വിദ്യാഭ്യാസം മിക്കവാറും പുസ്തകങ്ങൾ വായിച്ചു ഉരുവിടുക എന്നുള്ളതു മാത്രമായിട്ടാണു കാണുന്നതു്. അവരുടെ ചുററുപാടും കാണുന്ന വസ്തുക്കളെപ്പററി അവർ യാതൊരു അന്വേഷണവും നടത്തുന്നില്ല. അപ്രകാരം അവർ ചെയ്യുകയാണെങ്കിൽ അവർക്കു എന്തെല്ലാം അത്ഭുതകരമായ സംഗതികൾ മനസ്സിലാക്കാൻ കഴിയും.

രാഘവൻ:—ശരിതന്നെ അച്ഛാ! ഇന്നുകാലത്തു അമ്മ പറഞ്ഞുതന്നതിൽനിന്നു ഭൂമിയിലുള്ള വസ്തുക്കളെയെല്ലാം ആദ്യമായി ജീവനുള്ളവ, ജീവനില്ലാത്തവ എന്നു രണ്ടായി പകുക്കാമെന്നും പിന്നെ ജീവനുള്ളവയെത്തന്നെ ജന്തുക്കൾ, സസ്യങ്ങൾ എന്നു രണ്ടായിട്ടു തിരിക്കാമെന്നും ജീവനില്ലാത്തവയെ ധാതുക്കൾ എന്നു പറഞ്ഞുവരുന്നു എന്നും അവയിൽ ഓരോന്നിന്റെയും പ്രധാന ലക്ഷണങ്ങൾ എന്തെല്ലാമാണെന്നും മനസ്സിലായി.

കേശവ:—മകനെ! എന്നാൽ ഭൂമിയെ വേറൊരു പ്രകാരത്തിൽ ഭാഗിക്കാമെന്നു നിനക്കറിയാമോ?

രാഘവൻ:—ഭൂമിയെ സ്ഥലവും ജലവുമായി ഭാഗിക്കാമെന്നു ഞാൻ ഇന്നാൾ ഒരു പാഠത്തിൽ പഠിച്ചു.

കേശവ:—അവയോടു ആകാശംകൂടി ചേർത്തുകൊള്ളുക. ഭൂമിയെ സ്ഥലം, ജലം, ആകാശം ഇങ്ങനെ മൂന്നായി ഭാഗിക്കാം. മനുഷ്യർക്കും മററും പാർപ്പിടമായിരിക്കുന്ന ഭാഗം, സ്ഥലവും; അതിനു ചുററുംകിടക്കുന്ന സമു

ദ്രവും ഭൂമിയിൽ അവിടവിടെ കാണുന്ന കായലുകളും, കുളങ്ങളും മുതലായവയും, ജലവും, സ്ഥലത്തിനും ജലത്തിനും മുകളിലായി എല്ലാടത്തും ഒന്നുപോലെ വ്യാപിച്ചിരിക്കുന്നതും സ്പൎശം കൊണ്ടു മാത്രം അറിയാവുന്നതുമായ വസ്തു ആകാശവും ആകുന്നു.

രാഘവൻ:—അച്ഛാ! ഭൂമിയിൽ സ്ഥലമായിട്ടുള്ള ഭാഗം നമുക്കു പാൎക്കുന്നതിനും, നമുക്കു ആഹാരത്തിനു വേണ്ട സാധനങ്ങളും മററും കൃഷി ചെയ്തുണ്ടാക്കുന്നതിനും ഉപകാരപ്പെടുന്നു. എന്നാൽ ഈ സമുദ്രം കൊണ്ടു നമുക്കെന്തുപയോഗമാണുള്ളതു?

കേശവ:—സമുദ്രമില്ലെങ്കിൽ മഴയുണ്ടാകയില്ല. മഴ എല്ലാവക ജീവികൾക്കും അത്യാവശ്യമായിട്ടുള്ളതാണെന്നു നിനക്കറിയാമല്ലൊ?

രാഘവൻ:—മഴയില്ലെങ്കിൽ നമ്മുടെ നിലങ്ങളുണങ്ങി വിളവുകൾ നശിക്കും. അപ്പോൾ നമ്മുടെ ആഹാരത്തിനു നെല്ലില്ലാതാകും.

മാധവൻ:—മഴയില്ലെങ്കിൽ കിണറുകൾ, കുളങ്ങൾ, തോടുകൾ, മുതലായവ വററിപ്പോകും. അപ്പോൾ നമുക്കും നമ്മുടെ കന്നുകാലികൾക്കും കുടിക്കുന്നതിനും കുളിക്കുന്നതിനും വെള്ളമില്ലാതെയാകും. ഈ വിധമാകുമ്പോൾ ഭൂമിയിലുള്ള എല്ലാ പ്രാണികളും ഒന്നൊന്നായി നശിച്ചുതുടങ്ങും.

രാഘവൻ:—ഇതൊക്കെ എനിക്കറിയാം അച്ഛാ. എന്നാൽ സമുദ്രത്തിൽ നിന്നാണ് മഴയുണ്ടാകുന്നതെന്നു പറഞ്ഞതു എനിക്കു മനസ്സിലാകുന്നില്ല. അതെങ്ങനെയാണെന്നു പറഞ്ഞുതരേണം.

കേശവ:—ഒരു പരന്ന പാത്രത്തിൽ കുറെ വെള്ള മൊഴിച്ചു വെയിലത്തു വെച്ചിരുന്നാൽ അതിലെ വെള്ളം ക്രമേണ കുറഞ്ഞുപോകുമെന്നുള്ളതു നീ മനസ്സിലാക്കീട്ടുണ്ടോ?

രാഘവൻ:—ഉണ്ട്. വെള്ളം സൂൎയ്യന്റെ ചൂടുകൊണ്ടു ആവിയായി ആകാശത്തിലേക്കു പോകുന്നുവെന്നും എനിക്കറിയാം.

കേശവ:—ശരി. അതുപോലെ സൂൎയ്യന്റെ ചൂടുകൊണ്ടു സമുദ്രത്തിൽനിന്നു വെള്ളം ആവിയായിപ്പോകുന്നു. ഇങ്ങനെ പോകുന്ന നീരാവി ഒന്നിച്ചുചേൎന്നു മേഘങ്ങളായിത്തീരുന്നു. മേഘങ്ങൾ ആകാശത്തിൽ സഞ്ചരിച്ചു നടക്കുമ്പോൾ പൎവ്വതശിഖരങ്ങളുടെ മുകളിൽ തട്ടി തണുത്തു വീണ്ടും ജലമാകുകയും അതു മഴയായി ഭൂമിയിൽ വീഴുകയും ചെയ്യുന്നു.

രാഘവൻ—അപ്പോൾ സൂൎയ്യന്റെ ശക്തി കേമം തന്നെ. കായലിലും കടലിലും മററും വെറുതെ കിടന്ന വെള്ളത്തെ ആവിയാക്കി കരകളിലും മലമുകളിലും കൊണ്ടുപോയി വർഷിച്ചു ഭൂമിയെ തണുപ്പിക്കുന്നു- ദൈവം പരമകാരുണികൻതന്നെ. അല്ലേ അച്ഛാ!

കേശവൻ—ശരി രാഘവാ, നാം അതിനാൽ ദൈവത്തെ സദാ സ്മരിക്കേണ്ടതാകുന്നു.

മാധവൻ—അച്ഛാ! സമുദ്രജലം ഉപ്പുചുവയോടുകൂടിയതാണല്ലോ. എന്നാൽ മഴവെള്ളത്തിൽ ഉപ്പില്ലല്ലോ? അതെന്തുകൊണ്ടാണ്?

കേശവൻ—ഉപ്പു വെള്ളത്തിൽ ചൂടു തട്ടുമ്പോൾ അതിലെ ജലം മാത്രമേ ആവിയായി മാറുന്നുള്ളു. ഉപ്പിനു

ആ ശക്തിയില്ല. കുറെ തെളിഞ്ഞ ഉപ്പുവെള്ളം ഒരുപാത്രത്തിൽ ഒഴിച്ചു അടുപ്പത്തുവച്ചു ചൂടുപിടിപ്പിച്ചാൽ ക്രമേണ അതിലെ വെള്ളം മുഴുവനും ആവിയായിപ്പോകുന്നതായി കാണാം. എന്നാൽ ഉപ്പു, പാത്രത്തിന്റെ അടിയിൽ ഇരിക്കുകയെ ഉള്ളു. അതുപോലെ സമുദ്രത്തിലെ ഉപ്പുവെള്ളത്തിൽ നിന്നു ഉപ്പൊഴികെയുള്ള ഭാഗംമാത്രമെ ആവിയായി രൂപം മാറിപ്പോകയുള്ളു. ആ ആവി തണുത്തു ജലമാവുമ്പോൾ ശുദ്ധ ജലമായിരിക്കാനേമാൎഗ്ഗമുള്ളു.

രാഘവൻ—ഉപ്പാകട്ടെ വെള്ളത്തെപ്പോലെ ആവിയായിപ്പോകാത്തതു വലിയ ഒരനുഗ്രഹംതന്നെ. അതും ആവിയായിപ്പോയിരുന്നു എങ്കിൽ മഴവെള്ളം ഉപ്പുചുവയുള്ളതായിരുന്നേനെ. അപ്പോൾ പുഴകളിലും, കിണറുകളിലും, കുളങ്ങളിലും ഉപ്പുവെള്ളമേ കാണുകയുള്ളു. അതു മനുഷ്യൎക്കും മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഒന്നിനും കൊള്ളുകയില്ല.

കുഞ്ഞുലക്ഷ്മി—അച്ഛാ! എനിക്കൊരു സംശയം, സമുദ്രത്തിലെ ജലമൊക്കെ ആവിയായിപ്പോകയാണെങ്കിൽ അതിലെ വെള്ളം ക്രമേണ കുറഞ്ഞു അതു മുഴുവനും ഒരു കാലത്തു വററിപ്പോവുകയില്ലേ?

കേശവൻ—കുഞ്ഞേ! അതൊരിക്കലും ഉണ്ടാകുന്നതല്ല. സമുദ്രത്തിൽ നിന്നു ഉണ്ടാകുന്ന ആവി മഴയായി ഭൂമിയിൽ വീഴുന്നു എന്നു പറഞ്ഞുവല്ലൊ. അങ്ങനെ വീഴുന്ന മഴവെള്ളത്തിൽ ഏറിയഭാഗവും പുഴകളും തോടുകളും വഴിയെ തിരിയെ സമുദ്രത്തിൽത്തന്നെ ചെന്നുചേരുന്നു. അതുകൊണ്ടു സമുദ്രത്തിലെ ജലത്തിനു ഒരിക്കലും പറയത്തക്കതായ കുറവുണ്ടാകുന്നതല്ല.

രാഘവൻ—അച്ഛാ! കടൽവെള്ളത്തിന്റെ വട്ടംവെയ്പു എത്ര നന്നായിരിക്കുന്നു. ആദ്യം കണ്ണിനു കാണ്മാൻ പാടില്ലാത്ത ആവിയായി. പിന്നെ കാണാമെന്നുള്ള മേഘമായി. പിന്നെ മഴവെള്ളമായി ഭൂമിയിൽ വീണു. ആ മഴവെള്ളം പുഴകൾവഴിയേ, ആദ്യം പുറപ്പെട്ട കടലിൽതന്നെ ഒടുവിൽ ചെന്നു ചേരുന്നു. ഇതു എത്ര ആശ്ചൎയ്യമായിരിക്കുന്നു. ഇനി ആകാശത്തെപ്പററി അറിവാനുണ്ടു്. അതു കേൾക്കട്ടെ അച്ഛാ.

കേശവൻ—മകനെ, അതു ഇനിയൊരവസരത്തിലാകട്ടെ.

ഇത്രയും ആയപ്പോൾ ഉച്ചയ്ക്കു. ഊണുകഴിഞ്ഞു മന്ദമായ കാററുമേററു വിശ്രമിച്ചതിന്റെ ഫലമായി കുട്ടികളെല്ലാവരും കുറേശ്ശ ഉറങ്ങിത്തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ കേശവൻനായരും അവരെ പിന്തുടൎന്നു. അമ്മാളുഅമ്മ വൈകുന്നേരത്തു തേയിലയ്ക്കുവേണ്ട ഒരുക്കം ചെയ്യുന്നതിനും അവരുടെ ആവശ്യപ്രകാരം ഭൃത്യജനങ്ങൾ ചുററുമുള്ള വനത്തിൽ നിന്നു വീട്ടിലേയ്ക്കു കൊണ്ടുപോകാനായി പല കായ്കനികളും പുഷ്പങ്ങളും ശേഖരിക്കുന്നതിനും പോയി.

---

## അദ്ധ്യായം ൪.

വിശ്രമം കഴിഞ്ഞു കേശവൻനായർ ഒരു കടലാസും പെൻസിലും കയ്യിലെടുത്തു്, സ്ഥലത്തിനെ കൃഷിക്കായിതരം തിരിച്ചു, ഒരു കണക്കു തയ്യാറാക്കുവാൻ തുടങ്ങി. അതു കണ്ടു് കുട്ടികൾ മൂന്നു പേരും അച്ഛന്റെ അടുക്കൽ വളഞ്ഞുകൂടി. ഒന്നാമതായിത്തന്നെ പ്ലാനിൽ നടുവിലുള്ള മൈദാനം മുഴുവൻ പലതരം നെൽകൃഷി

ക്കായും; പടിഞ്ഞാറ റോഡ് വരെയുള്ള സ്ഥലം പലതരം ഫലവൃക്ഷങ്ങൾ നട്ടുണ്ടാക്കാനായും; കുന്നുകൾ കരിമ്പുകൃഷിക്കായും നിശ്ചയിച്ചു പടത്തിൽ കാണിച്ചു. അപ്പോൾ അതിനെക്കുറിച്ചു കുട്ടികൾ ചോദ്യങ്ങൾ തുടങ്ങി:—

മാധവൻ—എന്താണച്ഛാ! നടുവിൽ മാത്രം നെല്ലു കൃഷിചെയ്യുന്നതു? മറെറങ്ങും പാടില്ലയോ?

നായർ—നെല്ല് കൊല്ലത്തിൽ ൨ അല്ലെങ്കിൽ ൩ തവണമാത്രം എടുക്കുന്ന വിളവാണ്. വിളവിനെ വിളയെന്നും പറയും. അതിനു നിരപ്പായ ഭൂമിയും ധാരാളം വെള്ളവുംവേണം. സാധാരണമായി താഴ്ചയുള്ള സ്ഥലങ്ങളിലാണെല്ലോ വെള്ളംചെന്നു ചേരുന്നതു്.

മാധവൻ—അപ്പോൾ കുന്നിൻപുറങ്ങളിൽ നെൽകൃഷി പാടില്ലെന്നോ?

നായർ—ആവാം. പക്ഷെ ചില പ്രത്യേകഇനം നെല്ലേ അതിലേക്കു ഉപയോഗപ്പെടുകയുള്ളു. വളരെ കാലം കൃഷിയില്ലാതെ കിടക്കുന്ന സ്ഥലങ്ങളിൽ മണ്ണിനു ധാരാളം വീര്യമുണ്ടായിരിക്കും. അവിടങ്ങളിൽ മലവിത്തു വിതച്ചാൽ പലപ്പോഴും നല്ല വിളവു കിട്ടും. എന്നാൽ അതു ഒരു നിശ്ചയമുള്ള ഏർപ്പാടല്ല. ഒരു സ്ഥലത്തുതന്നെ കൊല്ലം കൊല്ലം കൃഷിനടത്താനും നിവൃത്തിയില്ല.

രാഘവൻ—അച്ഛൻ പടത്തിന്റെ ഈ വടക്കേഅററത്തു കാണിച്ചിരിക്കുന്നതു എന്താണു?

നായർ—അതു ഒരു കുളത്തിന്റെ സ്ഥാനമാണ്. ഈ മൈതാനത്തിന്റെ തലയ്ക്കൽ ഒരു കുളം കുഴിച്ച് അ

തിന്റെ കിഴക്കുംപടിഞ്ഞാറും അതിരുകളിൽ കൂടി ഓരോ തോട്ടു വെട്ടുകയാണെങ്കിൽ നമുക്കു ഇവിടെ നെൽകൃഷിക്കായി കണ്ടങ്ങളിൽ വേണ്ടപോലെ വെള്ളം നനത്താൻ എളുപ്പമുണ്ടു്. അങ്ങിനെ നിലം നനയ്ക്കുകയും തോൎത്തുകയും ചെയ്യുന്നതു നെൽകൃഷിക്കു ആവശ്യമാണു്.

കുഞ്ഞുലക്ഷ്മി—അതെന്താണച്ഛാ! നിലം തോൎത്തുക എന്നു പറഞ്ഞതു്? തലതോൎത്തുംപോലെയാണോ?

നായർ—അതെ, മകളെ! ഏകദേശം അങ്ങനെ തന്നെ. നെല്ലുതുടങ്ങിയ സസ്യങ്ങളുടെ വിത്തുകൾ കിളുത്തു മണ്ണിൽ വേർ ഊന്നണമെങ്കിൽ അവശ്യം ജലം വേണ്ടതാണു്. ഇങ്ങനെയുള്ള വേരുകൾ സസ്യങ്ങൾക്കു "വായ്" ആണു്. പൊടിമണ്ണുകൾ തനിയെ ഈ വായിൽകൂടി കടന്നുപോവുകയല്ല. വെള്ളത്തിൽ അലിഞ്ഞുചേൎന്നാണു കടന്നുപോവുന്നതു്. എന്നാൽ ജലം നിലത്തിൽ കെട്ടിനില്ക്കയാണെങ്കിൽ അതും ദോഷം തന്നെയാണു്. എന്തുകൊണ്ടെന്നാൽ അപ്പോൾ ഈ ചെറുവേരുകൾ അഴുകിത്തുടങ്ങും. അതിനാൽ നിലം സാധാരണമായി നനഞ്ഞും തോൎന്നും ഇരിക്കേണ്ടതാണു്. നമുക്കു ഉഷ്ണത്തിന്റെ ശാന്തിക്കും ശുദ്ധിക്കും മററുമായിട്ടു കുളി ആവശ്യമാണല്ലോ. എന്നാൽ കുളികഴിഞ്ഞയുടൻ തല തോൎത്താതിരുന്നാൽ ജലദോഷംകൊണ്ടു തല പഴുത്തു അഴുകിത്തുടങ്ങുമെന്നു നിനക്കു മനസ്സിലായിട്ടുണ്ടല്ലോ. അതേവിധംതന്നെ ചെടികൾക്കും സംഭവിക്കുന്നു.

രാഘവൻ—അച്ഛാ, കുന്നിന്റെ ഉയൎന്ന ഭാഗങ്ങളിൽ കുരുമുളകു കൃഷിചെയ്യാമെന്നു നിശ്ചയപ്പെടുത്തിയതെന്താണു്?

നായർ—ഈ കുന്നിൽ ധാരാളം വൃക്ഷങ്ങളുള്ളതു കുരുമുളകുകൃഷിക്കു സൌകൎയ്യമാണ്. കൂടാതേയും ഈ സ്ഥലം വളരെ കാലമായിട്ടു വനമായി കിടക്കയും ചെയ്യുന്നു. വൃക്ഷങ്ങളുടെ ഇലകളും തണ്ടുകളും മററും വീണ് അഴുകിച്ചേൎന്ന് മണ്ണിനു വളരെ വീൎയ്യം കൂടീട്ടുണ്ടു്. മണ്ണിനു സാമാന്യം ഇളക്കവും കാണമാനുണ്ടു്. പിന്നെ ഈ തറയ്ക്കു ഒരു ന്യൂനത പറവാനുള്ളതു് അതിൻെറ നിരപ്പില്ലായ്മയാണ്. മഴവെള്ളം വേണ്ടതുപോലെ ഇതിൽ തങ്ങിനിൽക്കുകയില്ല. ആ ഗുണംകൂടെ ഉണ്ടായിരുന്നെങ്കിൽ വളരെ നന്നായിരിക്കുമായിരുന്നു. എന്തുചെയ്യാം "എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും തമ്പുരാൻമകൻ ഹന്ത ചമച്ചതുണ്ടോ?" പക്ഷെ ദോഷം എളുപ്പത്തിൽ പരിഹരിച്ചുകൊള്ളാം. അതിലേക്കായിട്ടു അവിടവിടെ തട്ടുകൾ തിരിച്ചു അതിരുകോരണം. അതിൻെറ ശേഷം കാടും പടർപ്പും വെട്ടിച്ചുട്ടു തറ നല്ലവണ്ണം കിളച്ചു മറിച്ചു തല്ലിച്ചിക്കി കഴിയുന്നതും നിരപ്പു വരുത്തേണം.

രാഘവൻ—അപ്പോൾ ഈ നിൽക്കുന്ന മരങ്ങളിലെല്ലാം കൊടിയിടാമോ?

നായർ—എല്ലാം നല്ലമുളകിനു യോജിക്കയില്ല. ഈ നിൽക്കുന്ന മരങ്ങളിൽ മാവു, മുരുക്കു, പേഴ്, ഇലവ്, ഇവ വളരെ നല്ലതാണ്. തൊലിപ്പുറത്തു മുള്ളുകളോ കൂടുതൽ പരുപരുപ്പോ ഉണ്ടായിരിക്കേണം. അങ്ങനെയാണെങ്കിൽ മുളകുകൊടികൾ പിടിച്ചുകയറുവാൻ സൌകൎയ്യമുണ്ടു്.

മാധവൻ—അമ്മാവാ! ആ പ്ലാൻ ഒന്നു കണ്ടാൽകൊള്ളാം. (വാങ്ങി നോക്കീട്ടു) ശരി! ഈ കുന്നിലും കിഴക്കേ

കുന്നിലും മുളകുകൊടിയിടേണം. ചരിവുകളിൽ തെങ്ങാണ് നടേണ്ടതു്. അപ്പോൾ അതിന്റെ യുക്തി എന്താണ്?

നായർ—തെങ്ങ് ഉയൎന്ന പ്രദേശങ്ങളിൽ നല്ലപോലെ ഉണ്ടാകയില്ല. അതിനു വെള്ളം കുറെ കൂടുതൽ ആവശ്യമാണ്. മണ്ണിനു ധാരാളം ഇളക്കവും ഉണ്ടായിരിക്കേണം. കുന്നിൻപുറങ്ങളുടെ സ്വഭാവം സാധാരണമായി ഇതിനു വിപരീതമാണ്.

ഇത്രയുമായപ്പോൾ മണി ൪ കഴിഞ്ഞു. എല്ലാവരും കൂടി തേയിലയും കഴിഞ്ഞു മെല്ലെ വീട്ടിലേക്കു തിരിച്ചു.

അച്ഛനും മക്കളും മുമ്പിലും പാത്രങ്ങളും മററും എടുപ്പിച്ചുകൊണ്ടു ഭൃത്യരോടുകൂടി അമ്മാളുഅമ്മ പുറകിലും ആയിട്ടായിരുന്നു തിരിച്ചതു്.

നായർ—(താഴ്വരയിൽ ഒരിടത്തു പാരകൊണ്ടു കുത്തി അടിമണ്ണിളക്കീട്ടു്) ഇതാ നോക്കുവിൻ. ഈ മണ്ണിൽ പകുതിയിലധികവും മണലാണ്. ചെളിയുടെ അംശങ്ങളും ഇടയ്ക്കിടയ്ക്കു കാണുന്നുണ്ടു്. എന്നാൽ വേരുകളുടെ ഗതിക്കു തടസ്സംചെയ്യുന്ന വലിയ കല്ലുകൾ ഇവിടെ ഇല്ല. (മണ്ണിനെ പാത്രത്തിലിട്ടു വെള്ളമൊഴിച്ചു കലക്കീട്ടു) കണ്ടോ! മണ്ണിൽ ഉണ്ടായിരുന്ന ചെളി മുഴുവൻ കലങ്ങി വെള്ളം കുറുകിയിരിക്കുന്നു. മണൽ മുഴുവൻ അടിയിൽ താഴ്ന്നുപോയി. (ഒരു ഭാഗത്തു കുറേ നേരം അനക്കാതെ വച്ചിരുന്നിട്ടു്) ഇപ്പോൾ വെള്ളം മുകളിൽ ഒരു വിധം തെളിഞ്ഞു നിൽക്കുന്നു. (ഊററിക്കളഞ്ഞിട്ടു്) വെള്ളത്തിനടിയിൽ ഇതാ ചെളിയുടെ അംശം അടിഞ്ഞിരിക്കുന്നു. (ചെളി മുഴുവൻ വാരിക്കളഞ്ഞി

ട്ട്) ചെളിയുടെ അടിയിൽ എന്തു കാണുന്നു? പൊടിമണൽ. ഇങ്ങനെയുള്ള മണ്ണാണു തെങ്ങുകൃഷിക്കു (മററു മിക്ക കൃഷികൾക്കും) ഉത്തമമായിട്ടുള്ളതു്.

മാധവൻ—അച്ഛാ, ഈ പ്ലാൻകൊണ്ടു പുഴക്കരയിലും തെങ്ങുകൃഷി ചെയ്യണമെന്നാണല്ലോ കാണുന്നതു്. അവിടെ വെറും മണലാണല്ലോ? അപ്പോൾ അതു നല്ലതാണോ?

നായർ—വെറും മണലും വെറും ചെളിയും സാധാരണമായി കൃഷിക്കു യോജിക്കയില്ല. ഒന്നാമത്തേതിൽ വീഴുന്ന വെള്ളം മുഴുവൻ വേഗം കീഴ്പ്പോട്ടു വലിഞ്ഞു താഴ്ന്നു പോകും. ആയതു ചെടിക്കു ഉപകരിക്കയില്ല. രണ്ടാമത്തേതിൽ വെള്ളം മുഴുവൻ മുകളിൽ കെട്ടിനില്ക്കും. ചെടികളുടെ വേരുകൾ അതിനാൽ അഴുകിപ്പോകും. ആകയാൽ മണലും ചെളിയും കലന്ന മണ്ണാണു കൃഷിക്കു നല്ലതു്.

മാധവൻ—പിന്നെ എങ്ങനെയാണ് അച്ഛൻ ആ മണപ്പുറത്തു തെങ്ങു നടുന്നതു്. കുന്നിൽ നിന്നു നോക്കിയപ്പോൾ അവിടം മുഴുവനും വെളുവെളാ കിടന്നല്ലോ.

നായർ—ഞാൻ പറഞ്ഞില്ലേ? മണ്ണിൽ മണലും ചെളിയും കലന്നിരിക്കേണം എന്നു്. മണൽ മാത്രം ഉള്ളിടത്തു ചെളികൂടി ചേക്കും. ചെളി മാത്രം ഉള്ളിടത്തു മണലും ചേക്കും. പുഴയുടെ ആ കരയിൽ ചിറകോരി അതിൽ കുഴിയെടുത്തു മണലും ചെളിയും കലത്തിയിട്ടു തൈ നടും.

രാഘവൻ—അച്ഛൻ കുറെ മുമ്പു വിളവിനെ വിളയെന്നും പറയും എന്നു പറഞ്ഞു. അതെന്താണ്?

നായർ—കുട്ടികളെ! ദേശംതോറും ചില വാക്കുകളുടെ രൂപം അല്പാല്പമായി ഭേദിച്ചിരിക്കുന്നുണ്ട്. ഈ ദിക്കുകളിൽ വിളവു എന്നു പറയുന്നതിനെ കുറെ വടക്കുള്ളവർ വിള എന്നു പറയുന്നു. അതുപോലെ ഇവിടങ്ങളിൽ കന്നിപ്പൂ, കുംഭപ്പൂ എന്നു പറയുന്ന വാക്കുകളിലെ പൂവിനെ മററ ചിലേടത്തു പുകിൽ, പൂവൽ, പൂൽ, പൂപ്പ്, എന്നും മററും പറഞ്ഞുവരുന്നു.

ഇങ്ങനെ അവർ സംഭാഷണംചെയ്തു നടന്നു ചെന്നു വണ്ടികളിൽ കയറി യാത്ര പുറപ്പെട്ടു പോകുന്ന വഴിക്കു രാജപാതക്കടുത്തുള്ള കല്ലുമ്പറത്തിന്റെ സ്വഭാവത്തെക്കുറിച്ചു കേശവൻനായർ ഈപ്രകാരം കുറഞ്ഞൊന്നു കുട്ടികളോടു പറഞ്ഞു. "മാവു, പ്ലാവു, മുതലായ വൃക്ഷങ്ങളെയാണു "ഫലവൃക്ഷങ്ങൾ" എന്നു പറയുന്നതു്. എല്ലാ വൃക്ഷങ്ങളും കായ്ക്കുന്നില്ല. കായ്ക്കുന്ന എല്ലാ വൃക്ഷങ്ങളിലേയും കായ്കൾതന്നെ മനുഷ്യക്കു നേരിട്ടു ഭക്ഷിപ്പാൻ ഉപകരിക്കയും ഇല്ല. ഭക്ഷിപ്പാൻ ഉപകരിക്കുന്ന കായ്കൾ ഏതേതു വൃക്ഷങ്ങളിൽ ഉണ്ടാകുന്നുവോ അവയെയാണു "ഫലവൃക്ഷങ്ങൾ" എന്നു പറയുന്നതു. മാവു, പ്ലാവു മുതലായ വൃക്ഷങ്ങളുടെ വേരുകൾക്കു തെങ്ങു, കമുകു മുതലായവയുടെ വേരുകളെക്കാൾ നീളവും കനത്തും വലിപ്പവുംകൂടും. അടുത്തെങ്ങും ജലം ലഭിച്ചില്ലെങ്കിൽ ആ വക വേരുകൾ ബഹുദൂരം സഞ്ചരിച്ചു ആവശ്യം നിറവേററിക്കൊള്ളും. ഇതു സംബന്ധമായി അവയ്ക്കു രണ്ടു പ്രധാനഗുണങ്ങൾ ഉള്ളതായി പറയാം. ഒന്നു; മണ്ണിനു ഉറപ്പുകൂടിയ സ്ഥലങ്ങളിലും അവ വളരുമെന്നുള്ളതു: രണ്ടു അവയ്ക്കു വെള്ളത്തിന്റെ ആവശ്യം കുറവായിരിക്കുമെന്നുള്ളതു്.

തെങ്ങിന്റേയും കമുകിന്റേയും വേരുകൾ നേരേ മറിച്ചു ചുവട്ടിനു ചുററുംമാത്രം പരന്നിരിക്കുന്നു. അങ്ങനെ വേരുകൾ പരന്നു ചെന്നിട്ടുള്ള സ്ഥലത്തിനകത്തുള്ള ആഹാരം മാത്രമേ അവയ്ക്കു ഉപയോഗപ്പെടുകയുള്ളു. അതിനാൽ ഈ മാതിരി കല്ലുമ്പുറങ്ങളിൽ ഫലവൃക്ഷങ്ങൾ കൃഷിചെയ്യുന്നതാണു ഉത്തമം."

---

അദ്ധ്യായം ൫

കേശവൻനായരും കൂട്ടരും വീട്ടിൽ സുഖമായിച്ചെന്നെത്തി. പുതുവൽസ്ഥലത്തു പാക്കുന്നതിനു ഒരു കെട്ടിടം പണിയിക്കുന്നതായിരുന്നു അയാളുടെ പിന്നത്തെ ശ്രമം. പടിഞ്ഞാറെക്കുന്നു രാജപാതയ്ക്കു സമീപമായിരുന്നുവല്ലൊ. അവിടെനിന്നു നോക്കിയാൽ ന്യൂറേക്കർ സ്ഥലവും ഒന്നായിക്കാണാം; അതുകൊണ്ടു അവിടെത്തന്നെയാണു കെട്ടിടം പണിയേണ്ടതെന്നു എല്ലാവരും തീർച്ചപ്പെടുത്തി. ഒരു മൂത്താശാരിയെ വരുത്തി ഒരു ഗൃഹത്തിനും ഒരു തൊഴുത്തിനും ഒരു കിണററിനും സ്ഥാനം കണ്ടു. പടിഞ്ഞാറെക്കുന്നു കിഴക്കോട്ടും വടക്കോട്ടും ചരിഞ്ഞിരുന്നതിനാൽ "പൂർവ്വപ്ലവാവൃദ്ധികരീ, ഉത്തരാധനദാസ്മൃതാ" എന്ന പ്രമാണത്തിൻപടി ഗൃഹം പണിക്കു ഉത്തമമായ സ്ഥലം എന്നും മൂത്താശാരി അഭിപ്രായപ്പെട്ടു.

ഗൃഹം ഒരു ബംഗ്ലാവിന്റെ ഭാഷയിൽ തീർപ്പാൻ നിശ്ചയിച്ചു. മുമ്പിൽ ഒരു ഇറയകം അതിന്റെ വടക്കും തെക്കും ഓരോമുറി. ഇറയകം കഴിഞ്ഞാൽ പിന്നെ

ഒന്നിനു പുറകിൽ ഒന്നായി ഉള്ളിലേക്കു രണ്ടുമുറികൾ ഈ മുറികളുടെ ഇരുവശങ്ങളിലും ഓരോ നെടുമുറി കിഴക്കുവശത്തായിരണ്ടു മുറിയും ഇടത്തളവും ചേൎന്ന ഒരു അടുക്കള. ബംഗ്ലാവിന്റെയും അടുക്കളയുടേയും മദ്ധ്യേ വിശാലമായ ഒരു കെട്ടും കല്ലു നിരത്തിയ ഒരു അങ്കണവും. അടുക്കളയുടെ അടുത്തു വടക്കുഭാഗത്തായി ഒരു കിണറും തെക്കുഭാഗത്തായി ഒരു കുളിപ്പുരയും.

മേല്പറഞ്ഞ സ്ഥാനങ്ങളെ എല്ലാം ഉൾപ്പെടുത്തി ഏകദേശം ഒരേക്കർ സ്ഥലം ഉള്ളടങ്ങിയ ഒരു പ്രധാനവളപ്പുണ്ടായിരുന്നു. അതിനകത്തു തെക്കേതിർ സംബന്ധിച്ചായിരുന്നു തൊഴുത്തു്. അതിന്റെ വടക്കു കുറെ മാറി കളപ്പുരയും കളവും. ഈ ഒരേക്കർ സ്ഥലത്തു കെട്ടിടങ്ങൾക്കിടയിലായി പ്രത്യേകം കുറുക്കുമതിലുകളെക്കൊണ്ടു വേർതിരിച്ചിട്ടുള്ളതായ മൂന്നു മുററങ്ങളുമുണ്ടായിരുന്നു. ഓരോ ഇടവാതിലുകൾ വഴിയെ എല്ലാമുററത്തും കടന്നുചോകാമായിരുന്നു.

കെട്ടിടത്തിനു നിശ്ചയിച്ച സ്ഥാനം ചരലുനിറഞ്ഞ ഭൂമിയായിരുന്നു. അതിനനുസരിച്ചുതന്നെയായിരുന്നു കെട്ടിടത്തിന്റെ അസ്ഥിവാരവും. ഇതിന്റെ ഉദ്ദേശം അവിടെ കൂടുതലായ നനവൊ ഉണക്കൊ പററരുതെന്നായിരുന്നു. കളിമണ്ണൊ മണലൊ നിറഞ്ഞ സ്ഥാനത്തു ഉറപ്പില്ലാത്ത വിധം അടിസ്ഥാനം കെട്ടിയാൽ ഗൃഹം ഈ രണ്ടിൽ ഏതെങ്കിലും ഒരു ദോഷത്തിനൊ രണ്ടിനുമൊ സാധാരണമായി വശപ്പെടും. ശീതോഷ്ണങ്ങളുടെ ഏറക്കുറച്ചിലാണ പല രോഗങ്ങളേയും ഉളവാക്കുന്നതെന്നു കേശവൻനായർ പലപ്പോഴും പ്രസംഗവശാൽ പറ

യാവണ്ടായിരുന്നു. വീട്ടിനു ചുററം കാടും പടർപ്പും കൂടാതെ ധാരാളം മുററമുണ്ടായിരിക്കേണമെന്നും അവിടെ വീഴുന്ന ജലം കെട്ടിനിൽക്കാതെ ക്ഷണത്തിൽ വാൎന്നു പോകേണമെന്നും മററം അയാൾ മുൻകൂട്ടി നിശ്ചയിച്ചു.

അടിസ്ഥാനംപോലെതന്നെ മേൽകെട്ടുകളും. കെട്ടിടത്തിൻെറ ചുവരുകൾ നനവുതട്ടാത്തവിധം കട്ടിയായും ബലമായും തീൎക്കുകയും അകത്തു വേണ്ടവിധം ചൂടും വെളിച്ചവും ശുദ്ധവായുവും കടക്കത്തക്കവിധം അവയിൽ വാതിലുകളും ജന്നേലുകളും വയ്ക്കുകയുംചെയ്യു.

റോഡിൻെറ സൌകൎയ്യം ഓൎത്തു വീട്ടിന്റെ പടിഞ്ഞാറു ദർശനമാക്കേണ്ടിവന്നു. പക്ഷേ കിണറും തൊഴുത്തു മുതലായവയും കിഴക്കു വശത്തു നല്ലപോലെ സൂൎയ്യരശ്മികൾ ഏല്ക്കുവാൻ തക്കവണ്ണം തന്നെ ഇരുന്നിരുന്നു. വീട്ടുപണി പൂതിയായി നടന്നുകൊണ്ടിരുന്നപ്പോൾ അതു കാണുന്നതിന്നായി ഒരു ദിവസം കേശവൻനായർ മക്കളേയും കൂട്ടിക്കൊണ്ടുപോയി അവിടെ ചെന്നു പണികൾ നോക്കിക്കൊണ്ടുനിന്ന സമയം നായർ, മക്കളോടു പറഞ്ഞു.

ഇതാ നോക്കുവിൻ! നമ്മുടെ വീട്ടിലെ എല്ലാമുറികൾക്കും പൊക്കമേറിയ ചുവരുകളും വിശാലമായി വാതിലുകളും ജന്നേലുകളുമുണ്ടു്. ഇവയുടെ ഉപയോഗം എന്താണെന്നു നിങ്ങൾക്കറിയാമോ?

മാധവൻ:—ധാരാളം വായുവും വെളിച്ചവും കടക്കുന്നതിന്നു്.

നായർ:—മുറിക്കകത്തു ധാരാളം വായുവും വെളിച്ചവും കടക്കേണ്ട ആവശ്യം എന്താണു?

മാധവൻ:—അതിനെപ്പററി ഇന്നാൾ ഒരു ദിവസം എൻെറ വാദ്ധ്യാർ ചിലതൊക്കെ പറഞ്ഞുതന്നു. എന്നാൽ എനിക്കതു നല്ലപോലെ മനസ്സിലായില്ല. എന്നുമല്ല, കുഞ്ഞുലക്ഷ്മിക്കും രാഘവനും അതിനെപ്പററി ഒന്നും തന്നെ അറിഞ്ഞുകൂടാ.

കുഞ്ഞുലക്ഷ്മി:—പഴയ വീട്ടുകളിലെ മുറികൾക്കു ഒന്നിനും ഈ മാതിരി വാതിലുകളും ജനേലുകളുംകാണുന്നില്ലല്ലൊ. പിന്നെ നമ്മുടെ ഈ വീട്ടിനുമാത്രം എന്തിനാണ്ഇതൊക്കെ വെയ്ക്കുന്നതു്?

നായർ:—കുഞ്ഞേ! പഴയ വീട്ടുകളിലെ മുറികളെല്ലാ സാമാനങ്ങളൊ മററൊ ഇട്ടു സൂക്ഷിക്കുന്നതിനല്ലാതെ സാധാരണമായി മനുഷ്യരുടെ സഞ്ചാരത്തിനൊ ഉറക്കത്തിനൊ ഉപയോഗിക്കുന്നില്ലാ. ഇങ്ങനെ ഉപയോഗിക്കുന്ന മുറികളിൽ ധാരാളം വെളിച്ചവും കാററും കയറേണ്ടതു അത്യാവശ്യമാണ്. വായുവിൽ അനേകംഅണുപ്രാണികളുണ്ടു്. അവയെ നമുക്കു കാണ്മാൻ കഴികയില്ലെങ്കിലും അവ എല്ലാടത്തും ധാരാളമുണ്ടു്. ഇവയിൽ ചിലതു രോഗബീജങ്ങളാകുന്നു. അതായതു, അവ മനുഷ്യരുടെ രക്തത്തിൽ കടന്നുകൂടിയാൽ അവക്കു പലവിധമായ രോഗങ്ങളെ ഉണ്ടാക്കും. എന്നാൽ ഇങ്ങനെയുള്ള രോഗബീജങ്ങളെ നശിപ്പിക്കുന്നതിനു സൂര്യരശ്മിക്കു ശക്തിയുണ്ടു്. അതുകൊണ്ടു മുറിക്കകത്തു ധാരാളം വെളിച്ചംകയറിയാൽ ഈ വക പ്രാണികൾ നശിച്ചുപോകും. വെളിച്ചം കയറാത്ത മുറിക്കകത്തു നാം സഞ്ചരിക്കുകയൊ ഉറങ്ങുകയൊ ചെയ്താൽ നമുക്കു രോഗങ്ങളുണ്ടാകാൻ എളുപ്പമുണ്ടു്.

രാഘവൻ:— വായുവിലാണല്ലോ രോഗബീജങ്ങളുള്ളത്. അതിനാൽ മുറിയ്ക്കകത്തു വായു കടക്കാതിരിക്കുന്നതു നല്ലതാണൊ?

നായർ:— ഒരിക്കലുമല്ലാ. മുറിക്കകത്തു എല്ലായ്പോഴും വായു ഉണ്ടായിരിക്കും. വെളിയിൽ നിന്നു ശുദ്ധവായു അതിനകത്തു കടക്കാതെയിരിക്കുകയാണെങ്കിൽ അതിനകത്തുള്ള വായു ദൂഷിക്കയും അങ്ങനെ അവിടത്തെ രോഗബീജങ്ങൾ വദ്ധിക്കയും ചെയ്യുന്നതാണ്. നേരെമറിച്ച് ശുദ്ധവായു ഒരു വശത്തു നിന്നു മുറിയ്ക്കകത്ത് കടന്നു മറെറാരു വശത്തുകൂടി വെളിയിൽ പോയിക്കൊണ്ടിരുന്നാൽ അവിടെയുള്ള രോഗബീജങ്ങൾക്കു കുറവു വരുന്നതാണ്.

മാധവൻ:— അച്ഛാ, മുറിക്കകത്ത് വായു കടന്നതുകൊണ്ടുള്ള ഗുണം ഇതൊന്നുമാത്രമേയുള്ളോ?

നായർ:— അല്ല. ഇനിയും ഒരു പ്രധാനഗുണമുണ്ട്. സാധാരണമായി നാം വായു എന്നു പറയുന്നതിൽ രണ്ടു മൂന്നു വാതകങ്ങളടങ്ങിയിരിക്കുന്നു. വാതകം എന്നാൽ ഗ്യാസ്' എന്നു ഇംഗ്ലീഷിൽ പറയുന്ന രൂപമില്ലാത്ത വായുവിശേഷം തന്നെ. അവയിൽ ഒന്ന് ആക്സിജൻ എന്ന പ്രാണവായുവും വേറൊന്നു കാർബോണിക്കാസിഡ് ഗ്യാസ് എന്ന ഇംഗാലാമ്ലവാതകവും ആകുന്നു. നാം ശ്വാസിക്കയും ഉച്ഛ്വാസിക്കയും ചെയ്യുമ്പോൾ പ്രാണവായു നമ്മുടെ ഉള്ളിലേക്കു പോകുകയും, അവിടെ വെച്ചു അതു ഇംഗാലാമ്ലവാതകമായി വെളിയിലേക്കു വരുകയും ചെയ്യുന്നു. സകല ജീവികൾക്കും പ്രാണവായു അത്യാ-

വശ്യമായിട്ടുള്ളതാണ്. അതില്ലെങ്കിൽ ലോകത്തിൽ ജീവനുള്ള ഒന്നും തന്നെ ഉണ്ടായിരിക്കയില്ല.

മാധവൻ:—എല്ലാ ജീവികളും പ്രാണവായുവിനെ ഉൾക്കൊള്ളുകയും ഇംഗാലാമ്ലവാതകത്തെ പുറത്തുവിടുകയും ചെയ്യുകയാണെങ്കിൽ ഒരു കാലത്തു ലോകത്തിൽ പ്രാണവായു ഇല്ലാതെയായിപ്പോകാൻ എളുപ്പമില്ലേയോ?

നായർ—ഉണ്ട്. എന്നാൽ അങ്ങനെ സംഭവിക്കാതെ ഇരിക്കുന്നതിനു ദൈവകല്പിതമായ ഒരു ഏറ്പ്പാട് പ്രകൃതിയിൽ നടക്കുന്നുണ്ട്. ഇംഗാലാമ്ലവാതകത്തിലെ കാർബൺ എന്ന ഇംഗാലം എല്ലാ ചെടികൾക്കും ഒരു ആഹാരസാധനമാണ്. വായുവിലുള്ള ഇംഗാലാമ്ലവാതകത്തെ ചെടികൾ ഇലകളിലുള്ള ചെറിയ ദ്വാരങ്ങളിൽ കൂടി ഉള്ളിലേക്കു ആകർഷിക്കയും അവിടെവെച്ചു അതിലെ ഇംഗാലത്തെ വേർതിരിച്ചെടുത്തിട്ട് ബാക്കിയുള്ള പ്രാണവായുവിനെ വെളിയിലേയ്ക്കു വിടുകയും ചെയ്യുന്നുണ്ട്. ചെടികളുടെ ഈ പ്രവൃത്തികൊണ്ടു ലോകത്തിലുള്ള പ്രാണവായുവിനു കുറവു വരാതെ ഇരിക്കുന്നു.

രാഘവൻ—അപ്പോൾ ലോകത്തിൽ ചെടികളല്ലാതെ ഇരുന്നുവെങ്കിൽ മനുഷ്യർക്കു ജീവിച്ചിരിക്കാൻ കഴിയുകയില്ലല്ലൊ.

നായർ—നീ പറഞ്ഞതു ശരിയാണ് കുഞ്ഞെ. ചെടികളും ജന്തുക്കളും അന്യോന്യസഹായികളായിട്ടാണ് ലോകത്തിൽ കഴിച്ചുകൂട്ടുന്നത്.

ഈ മാതിരി സംഭാഷണം കഴിഞ്ഞു നായരും കുട്ടികളും വീട്ടിലേക്കു മടങ്ങിപ്പോയി.

വീട്ടുപണിയിൽ ഭാര്യക്കും ഭർത്താവിനും അഭിപ്രായവ്യത്യാസമുണ്ടായതു തൊഴുത്തിന്റെ കാര്യത്തിൽ മാത്രമായിരുന്നു. അതു കഴിയുന്നതും അടുത്തിരിക്കേണമെന്നു

അമ്മാളുഅമ്മയും, അതല്ല കഴിയുന്നതും അകന്നിരിക്കേ ണമെന്നു കേശവൻനായരും അഭിപ്രായപ്പെട്ടു. അടുത്താ യിരുന്നാൽ കന്നുകാലികളെ രക്ഷിക്കുന്നതിനും പാൽ കറക്കുന്നതിനും മററും കൂടുതൽ സൌകര്യമുണ്ടെന്നും ദിവ സവും അവയുടെ മലമൂത്രങ്ങൾ മാററി തൊഴുത്തിനെ വൃ ത്തിയാക്കിവെച്ചുകൊണ്ടിരിക്കാം എന്നുള്ളതിനാൽ മററു വിധത്തിൽ ദോഷമുണ്ടാകാനിടയില്ലെന്നും ഭാര്യ പറ ഞ്ഞു. കാര്യമൊക്കെ ശരിതന്നെ എങ്കിലും കന്നുകാലിക ളുടെ മലമൂത്രങ്ങൾ തൊഴുത്തിൽ നേരത്തോടുനേരം കി ടക്കാതെ നിവൃത്തിയില്ലെന്നും തൊഴുത്ത് അടുത്തായിരു ന്നാൽ അതിന്നിടയിൽ ഉണ്ടാകുന്ന ദുർഗ്ഗന്ധവും വായുദൂഷ ണവും കൊതുക്കൾ, ഈച്ചകൾ ഇവയുടെ ഉപദ്രവും വീ ട്ടിലുള്ളവർ അനുഭവിക്കേണ്ടിവരുമെന്നും എല്ലാററിനും പുറമെ വീട്ടിലുള്ള ശിശുക്കൾക്കും മററും കന്നുകാലികളു ടെ വല്ല സാംക്രമികരോഗവും പിടിപെടുന്നതിനു ഇട യുണ്ടെന്നും ഭർത്താവു ഗൌരവമായി എതിർത്തുപറഞ്ഞു. ഒടുവിലത്തെ കാരണം കേട്ടപ്പോൾ അമ്മാളു അമ്മ ക്കു കാര്യം മനസ്സിലായി. ഒടുവിൽ തൊഴുത്തിനും വീട്ടി ന്നുംതമ്മിൽ ഒരു നൂറടി അകലം ഉണ്ടായിരിക്കണമെന്നു തീരുമാനിച്ചു. എല്ലാററിനും പുറമെ ബലമായ വളപ്പു ള്ളതിനാൽ കന്നുകാലികളുടെ രക്ഷക്കും ദോഷം വരാ നില്ലെന്നു അവർ സമാധാനപ്പെട്ടു.

വീട്ടുപണി സംബന്ധമായ ജോലികൾക്കു എല്ലാം കൂടി നാലുമാസക്കാലം വേണ്ടിവന്നു. അതിൻെറ ശേഷം തൊഴുത്തിൻെറ പണി ആരംഭിച്ചു. ആ പണി മുക്കാലും ആയപ്പോൾ ഒരു ദിവസം രാവിലെ കേശവൻ നായർ

അദ്ദേഹത്തിൻെറ രണ്ടു പുത്രന്മാരേയും കൂട്ടികൊണ്ടു പോയി പണിസ്ഥലം സന്ദർശിച്ചു. കുട്ടികഠം പലേടത്തും തൊഴുത്തുകഠംകണ്ടിട്ടുണ്ടു്. എന്നാൽ ഇതുപോലെ ഒന്നുകണ്ടിട്ടില്ല. അവർ വളരെ വിസ്മയിച്ചു ഇങ്ങനെ ചോദിച്ചു.

മാധവൻ—വീട്ടുപണികളപോലും അച്ഛൻ ഇത്രതാൽപര്യം കാണിച്ചില്ല. ഇതു ഇനി ഒരു എരുത്തിൽ അല്ലെന്നു വരുമോ?

നായർ—എരുത്തിൽ അല്ലെങ്കിൽ "തൊഴുത്തു്" എന്നു പറഞ്ഞുകൊള്ളു. എതായാലും ഇതു നമ്മുടെ കന്നുകാലികളെ കെട്ടി സൂക്ഷിക്കുവാൻ വേണ്ടിയാണു് പണിതിട്ടുള്ളതു്. നമ്മുടെ പാർപ്പിടം ഒരു വിധം മോശമായിരുന്നാലും വേണ്ടില്ല, കന്നുകാലികളെ കഷ്ടപ്പെടുത്തിക്കൂടാ.

മാധവൻ—ഓ! ശരിതന്നെ. അതുകഠം നാക്കെട്ടക്കാപ്രാണികളല്ലെ.

നായർ—അതു തന്നെ ഒന്നാമത്തെ കാരണം. രണ്ടാമതായിട്ടു വേണ്ട വിധം സൂക്ഷിച്ചില്ലെങ്കിൽ അതുകഠം വദ്ധിച്ചു വരികയില്ല. അതിനാൽ നമുക്കു മുതൽ നഷ്ടം വരും, മൂന്നാമതായിട്ടു്—

രാഘവൻ—അച്ഛാ, എരുത്തിലിൻെറ തറ ഇങ്ങനെ ചരിച്ചു് കെട്ടിയിരിക്കുന്നതെന്തു്? തറയിൽ കല്ലും പാകിയിരിക്കുന്നു! ഓഹോ! ഒരു ഓവും വെച്ചിരിക്കുന്നു.

നായർ—അതു പറയാനായിട്ടാണു് ഞാൻ തുടങ്ങിയതു്. കന്നുകാലികളെകൊണ്ടുള്ള ഒരു പ്രധാനമായ പ്രയോജനം അവയുടെ മലവും മൂത്രവും കൊണ്ടുള്ളതാണു്. ഇതുകഠം ചെടികഠംക്കു ഒരു നല്ല വളമാകയാൽ

ഇതുകളെ ജാഗ്രതയോടുകൂടി ശേഖരിക്കേണം. അതിനായിട്ടാണ് തറ ചരിച്ചു കെട്ടി അതിൽ കല്ലുനിരത്തിയിരിക്കുന്നതു്. കന്നുകാലികളുടെ മലവും മൂത്രവും വളമാണല്ലൊ; എന്നാൽ മൂത്രമാണ് മലത്തിനെക്കാൾ പ്രധാനം. തറ ചരിഞ്ഞിരുന്നാൽ മൂത്രം വീഴുമ്പോൾതന്നെ ഓവിലേക്കു ഒലിച്ചിറങ്ങിക്കൊള്ളും. തറയിൽ കല്ലു നിരത്തിയിരുന്നാൽ അതു ഭൂമിയുടെ അടിയിലേക്കു താഴുകയുമില്ല. ഈ ഓവും അതുപോലെ ചരിച്ചാണ് കെട്ടിയിരിക്കുന്നതു്. മൂത്രം ഓവുവഴി എളുപ്പത്തിൽ ഒലിച്ചുപോകും. അതിന്റെ അററത്തു ഒരു തൊട്ടിവെച്ചിരുന്നാൽ അതിനെ ശേഖരിച്ചു അപ്പോഴപ്പോൾ വളക്കുഴിയിൽ ഒഴിച്ചുകൊള്ളാം.

മാധവൻ—അപ്പോൾ വളക്കുഴിയും ഇതുപോലെ തന്നെ കേമത്തിലാണൊ? എനിക്കതൊന്നു നോക്കണം.

നായർ—നമുക്കങ്ങോട്ടു പോകാം. (നടന്നുചെന്നിട്ടു്) ഇതാ നോക്കുക. ഈ കുഴിയുടെ അടിയിൽ കല്ലുനിരത്തി ശീമക്കുമ്മായം കൊണ്ടു ഉറച്ചിരിക്കുന്നതു്. ഇതിന് ചുററും കൈവരികളും ഒരു മേൽപുരയും കൂടി ഉണ്ടായിരിക്കും.

രാഘവൻ—അപ്പോൾ ചാണകം എങ്ങനെ ഇങ്ങോട്ടു കൊണ്ടുവരും. അതും ഓവുവഴി തൊട്ടിയിൽ എത്തുകയാണൊ?

മാധവൻ—അതെങ്ങനെ? ചാണകം ഒലിക്കുമൊ? ഓവു മുഴുവൻ അടഞ്ഞുപോകയില്ലെ? അതു എരുത്തിലിൽ നിന്നു് പതിവുപോലെ വാരി എടുത്തുതന്നെ കൊണ്ടുവരേണം.

നായർ—മാധവൻ പറഞ്ഞതു് ശരിയാണു്. കന്നുകാലികഠം തിന്നു് ശേഷിക്കുന്ന വസ്തോൽ പുല്ലു് മുതലായവ അവസ്ക്ക് കിടക്കുവാൻ പട്ടക്കയായി ചിലർ ഉപയോഗിക്കുന്നു. മൂത്രത്തിൽ ഏതാനും ഭാഗം അതിൽ ചേൎന്നിരിക്കും, എല്ലാംകൂടി വാരിയെടുത്തു് വളക്കുഴിയിൽ കൊണ്ടുപോകും. അതിന്നെ കുഴിയിൽ ചിക്കിവിരിച്ചു പത്തുകെ അമൎത്തി മീതെ മൂത്രം തളിക്കും.

രാഘവൻ—പിന്നെ അച്ഛൻ പറഞ്ഞ കൈവരിയും മേൽപ്പുരയും മറവും എന്തിനായിട്ടാണു്?

നായർ—വളത്തിൽ വെള്ളം ഏൽക്കുകയൊ അതിനു് ഉണക്കു തട്ടുകയൊ ചെയ്യരുതു്. എല്ലാംകൂടി കുഴമ്പുപാകമായിട്ടാണു് ഇരിക്കേണ്ടതു. അതിനായിട്ടു ഉണക്കു തട്ടിത്തുടങ്ങുമ്പോഠം കുറേശ്ശ വെള്ളമൊഴിച്ചു നനച്ചുകൊണ്ടുവരും.

മാധവൻ—നമ്മുടെ അയൽക്കാർ ചാണകം പൊടിച്ചാണല്ലൊ ഉപയോഗിക്കുന്നതു; അതു ദോഷമല്ലയൊ?

നായർ—ദോഷംതന്നെ, സന്ദേഹമില്ല. ചാണകം ഉണങ്ങുമ്പോഠം അതിലുള്ള ചില നല്ല ഭാഗങ്ങഠം വായുരൂപമായി വെളിയിൽ പോകും. മററുള്ളവമാത്രമേ ശേഷിച്ചിരിക്കു. കൈവരിയുടെ ആവശ്യവും ഇതു തന്നെ. ഓവിന്നു മുകളിൽ കെട്ടി അടച്ചിരിക്കുന്നതിൻെറ കാരണവും മറെറാന്നുമല്ല. വളത്തിൽ മഴയും വെയിലും ഏൽക്കാതെ കഴിയുന്നിടത്തോളം സൂക്ഷിക്കേണ്ടതാകുന്നു.

---

# അദ്ധ്യായം ൯.

വീടുപണിതീൎന്നു. കിണറും കുഴിച്ചു. എന്നിട്ടും കുളിപ്പുര തീൎന്നില്ല. ഒരുദിവസം അതിരാവിലെ അതിനെപ്പററി പണിക്കാരോടു കേശവൻനായർ ചിലതു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അമ്മാളുഅമ്മ അവിടെ ചെന്നു; അവരുടെ അഭിപ്രായത്തിൽ അങ്ങനെ ഒരു പുരതന്നെ വേണ്ടാ എന്നായിരുന്നു. കിണററിനു സമീപം രണ്ടു മൂന്നു പരന്നകല്ലുകൾ ചേൎത്തിട്ടിരുന്നാൽ കുളിക്കുന്നതിനും തുണികൾ അടിച്ചു നനക്കുന്നതിനും മററും ധാരാളം മതിയാകുമെന്നും അഴുക്കും വെള്ളവും ചാലിൽകൂടെ ഒലിച്ചു ദൂരെ പൊയ്ക്കൊള്ളുമെന്നും അവർ പറഞ്ഞു. ലാഭത്തെ ഉദ്ദേശിച്ചാണു അവർ ഇങ്ങനെ അഭിപ്രായപ്പെട്ടതു്. കുളിപ്പാൻ ഒരു പ്രത്യേക മുറിവേണം. അതിൻെറ മുകളിൽ മൂന്നു നാലു ജന്നേൽ വേണം. മുറിയിൽ വെള്ളം ചൂടുപിടിപ്പിക്കുന്നതിനു് അടുപ്പുവേണം. വെള്ളം കോരി നിറച്ചു വയ്ക്കുന്നതിനു കൽത്തൊട്ടി വേണം. സോപ്പുകളും മററും വയ്ക്കുന്നതിനു ചുവരിൽ ഷെൽഫ് വേണം. തുണികൾ ഇടുന്നതിനു സ്റ്റാണ്ടു് വേണം എന്നൊക്കെ കേട്ടപ്പോൾ അവർ അന്ധാളിച്ചുപോയി. ഇതൊക്കെ ആരോഗ്യരക്ഷയെ ഉദ്ദേശിച്ചുള്ള ഏൎപ്പാടുകളാണെന്നു അവൎക്കു ബോധ്യമായില്ല, ആ വിഷയത്തിൽ അവൎക്കുള്ള അജ്ഞാനം അകററുന്നതിനു അതു തന്നെ അവസരം എന്നു കേശവൻനായർ വിചാരിച്ചു.

നായർ—കിണററിങ്കരെ നിന്നു കുളിച്ചാൽ മതിയെ

ന്നല്ലേ പറഞ്ഞതു. അതു പുരുഷന്മാക്കും സ്ത്രീകൾക്കും ഒരുപോലെ സാധിക്കുമോ?

അമ്മാളുഅമ്മ —കിണററിങ്കരെ നിന്നു പകൽ സമയം ആക്കുംതന്നെ കുളിക്കാൻ പാടില്ല. മറവുണ്ടെങ്കിൽ അതു സ്ത്രീകൾക്കും പുരുഷന്മാക്കും ഒരുപോലെതന്നെ ആവാം. മറകൂടാതെ കുളിക്കുന്നതു രാത്രിയിൽ ആയിക്കൊള്ളണം. പകൽ കുളിക്കേണമെന്നുള്ളവർ ആററിലൊ കുളത്തിലൊ പോകണം.

നായർ—ആററിലൊ കുളത്തിലൊ ആകുമ്പോൾ ആക്കും മറ ആവശ്യമില്ല അല്ലെ? അതിരിക്കട്ടെ—കിണററിങ്കരെ നിന്നു കുളിച്ചാൽ അതിനു പുറമം വെള്ളം വീണു ചെളികെട്ടി ഈറപ്പം വർദ്ധിക്കുമെന്നും കിണററിൽ തന്നെ വെള്ളവും അഴുക്കും തെറിച്ചും ഊറിയും ചേന്നു അതിലെ ജലം മലിനപ്പെടുമെന്നും ഇപ്പോൾ പറഞ്ഞതുപോലെ രാത്രിയിൽ കുളിക്കുന്നവക്കു എളുപ്പത്തിൽ ജലദോഷം പിടിക്കുമെന്നും പിന്നെ വയസ്സായവക്കും കുട്ടികൾക്കും രോഗികൾക്കും അതു ഒരിക്കലും ചേരുന്നതല്ലെന്നും വിചാരിക്കുന്നില്ലെ?

അമ്മ:—അതൊക്കെ ശരിതന്നെയാണ്.

നായർ:—എന്നാൽ അതൊക്കെ ഉദ്ദേശിച്ചാണ് ഒരു കുളിമുറി വേണമെന്നു തീച്ചയാക്കിയതു. നമുക്കു രണ്ടാൾക്കും കാലത്തെ കുളിയും വൈകുന്നേരം മേൽ കഴുകലും പതിവുണ്ട്. കുളി രാത്രിയിൽ ആക്കിക്കളയാമെന്നു വയ്ക്കുന്നതു ഒന്നാമതായി നമുക്കുതന്നെ സുഖമായിരിക്കയില്ല. നമ്മുടെ രക്തത്തിലുള്ള അഴുക്കുകൾ രോമകുഴികളാകുന്ന ദ്വാരങ്ങളിൽ കൂടി വിയപ്പായി പുറത്തു

വരുന്നു. ഈ ദ്വാരങ്ങളെ തുറന്നു വെച്ചുകൊണ്ടിരിക്കേണ്ടതു ആരോഗ്യരക്ഷയ്ക്കു അത്യാവശ്യമാണ്. അതിനായിട്ടാണ് നാം നിയമേന കുളിക്കുന്നതു; അതു് കണ്ടമാനം ഇരുട്ടത്തോ മററോ നടത്തിയാൽ ശരിയായി വരുവാൻ തരമില്ല. അപ്പോൾ രോമകൂപങ്ങളിൽ അവിടവിടെ അഴുക്കടെഞ്ഞു ദേഹത്തു ദുർഗ്ഗന്ധമുണ്ടാകും. വിയപ്പ് പുറത്തു പോകാതെ ഇരിക്കുന്നതുകൊണ്ടും പുറത്തിരിപ്പുള്ള എണ്ണമയമായ അഴുക്കും പൊടിയും കൂടി കുഴയുന്നതു കൊണ്ടും നമുക്കു ചൊറി, ചിരങ്ങു തുടങ്ങിയുള്ള രോഗങ്ങളുണ്ടാകയും ചെയ്യുന്നു.

അമ്മ:—ഇങ്ങനെ പലേടത്തും കാണുന്നുണ്ടു്, അതുകൊണ്ടാണ് ഞാൻ പറഞ്ഞതു്. ആരോഗ്യരക്ഷയ്ക്കു അതുമതിയാകയില്ലെന്നു ഇപ്പോൾ ബോദ്ധ്യമായി (പുറകിൽ ബഹളം കൂട്ടിക്കൊണ്ടു ഓടി എത്തിയ കുട്ടികളെ നോക്കീട്ടു) ഈ വിധമായ ആരോഗ്യരക്ഷാമാർഗ്ഗങ്ങൾ നമ്മുടെ കുട്ടികളെക്കൂടി ഒന്നു പറഞ്ഞു മനസ്സിലാക്കിച്ചാൽ കൊള്ളാം. എനിക്കു ഈ കാര്യങ്ങളിൽ നിശ്ചയം പോരാ.

നായർ:—അങ്ങനെ ആവാം. ഒന്നാമതായി; നമ്മുടെ പാർപ്പിടങ്ങൾ വേണ്ടപോലെ വെളിച്ചവും വായുവും പ്രവേശിക്കത്തക്കവിധം വിശാലമായും ശുചിയായും ഇരിക്കേണ്ടതാണ്; നമ്മുടെ ഗൃഹം അതിനു തക്കവണ്ണം ഉള്ളതു തന്നെ. അതിനെ ഇനി എല്ലാദിവസവും അടിച്ചു തളിക്കുകയും ആണ്ടുംതോറും അററകുററം തീർത്തു വെള്ളതേയ്ക്കുകയും ചെയ്തു സൂക്ഷിച്ചു കൊണ്ടാൽ മതിയാകും. രണ്ടാമതായി, കുടിക്കുന്നതിനും കുളിക്കുന്നതിനും ഉള്ള

വെള്ളം ശുദ്ധമായിരിക്കേണം. മഴവെള്ളം ശുദ്ധമാണ്. എന്നാൽ ഭൂമിയിൽ വീണശേഷം അതിൽ ഓരോതരം അഴുക്കുകൾ കലൎന്നു അതു അശുദ്ധമായിത്തീരുന്നു. താഴ്ചയുള്ള കിണറുകൾക്കു അടിയിൽ ഊററുകാണും. അവയിലെ വെള്ളം സാമാന്യം ശുദ്ധമായുമിരിക്കും. നമ്മുടെ കിണറു അപ്രകാരം ഉള്ളതാണ്. വേണ്ടപോലെ വെയിൽ തട്ടിയില്ലെങ്കിൽ കിണററുവെള്ളം വളരെ തണുത്തു അതിൽ രോഗബീജങ്ങൾ അധികരിക്കും. ഇവിടെ ആ ഭയവും ഇല്ലാ.

സാധാരണമായി ആരോഗ്യമുള്ളവക്കു പച്ചവെള്ളത്തിൽ കുളി സുഖമാണ്. ദുർബലന്മാക്കു ചൂടുവെള്ളം അധികംനന്ന്. എല്ലാക്കും തന്നെ കൂടുതൽ ക്ഷീണമുള്ള അവസരങ്ങളിലും പരിചയമില്ലാത്ത സ്ഥലങ്ങളിൽ ചെന്നു പാക്കുന്ന അവസരങ്ങളിലും മററും ചൂടുവെള്ളത്തിൽ കുളിക്കുകയും ചൂടുവെള്ളംതന്നെ കുടിക്കുകയും ചെയ്യുന്നതു രക്ഷയാണ് അതിൽ മുമ്പറഞ്ഞ അണുക്കൾ വളരെ കുറവായിരിക്കും. എങ്കിലും തലച്ചോറിനും, കണ്ണിനും കാഞ്ഞവെള്ളം അത്ര നല്ലതല്ല. തലമുടി പൊഴിയുകയും എളുപ്പത്തിൽ നരയ്ക്കുകയും ചെയ്യും.

നന്നായി വിശന്നിരിക്കുമ്പോഴും നിറച്ചു ഭക്ഷണം കഴിച്ചിരിക്കുമ്പോഴും കുളിക്കുന്നതു ദോഷമാണ്. ഒന്നാമത്തേതുകൊണ്ടു് അഗ്നി മന്ദിച്ചു വിശപ്പടങ്ങിപ്പോകയും, രണ്ടാമത്തേതുകൊണ്ടു ദഹനത്തിനു തടസ്സം നേരിടുകയും ചെയ്യും. രാവിലെ കുളിക്കുന്നതാണ് തലച്ചോറിനു ഏററവും നല്ലതു്.

യന്ത്രങ്ങൾക്കു് എണ്ണയിടുന്നതുകൊണ്ടുള്ള ഗുണം

ദേഹത്തിനു എണ്ണതേച്ചു കുളികൊണ്ടുണ്ടാകുന്നു. ഉഷ്ണരാജ്യങ്ങളിൽ ഇതു പ്രത്യേകിച്ചും ആവശ്യമാണ്. ശിരസ്സിലും ചെവിയിലും പാദത്തിലും ആണു പ്രത്യേകമായി എണ്ണ പുരട്ടേണ്ടതു്. കുളികഴിഞ്ഞാൽ എണ്ണമെഴുക്കു തലയിലും മററും ക്രമത്തിലധികം ഉണ്ടായിരിക്കരുതു്. ഇന്നാൾ കുഞ്ഞുലക്ഷ്മിക്കു് പനിയും ചുമയും പിടിപെട്ടതിൻെറ കാരണം അതായിരുന്നു. കുളികഴിഞ്ഞാൽ ഈറൻ ഉടക്കുന്ന സമ്പ്രദായവും വളരെ ദോഷകരമാണു്.

ആരോഗ്യരക്ഷ സംബന്ധമായി ഇത്രയൊക്കെ പറഞ്ഞതിൻെറശേഷം നായർ ഭാൎയ്യയും കുട്ടികളുമായി ആശാരിമാർ ഇരുന്നു പണിചെയ്യുന്ന സ്ഥലത്തേക്കു പോയി. അവിടെ കുട്ടികൾക്കു വ്യായാമത്തിനുവേണ്ട ചില കോപ്പുകൾ തീൎക്കുന്നുണ്ടായിരുന്നു. വ്യായാമവും ആരോഗ്യരക്ഷയിൽ ഉൾപ്പെട്ട ഒരു പ്രധാനസംഗതിയാകുന്നു.

ആശാരിമാർ പലഘനത്തിലായി മരത്തിൽ മൂന്നു നാലു ജോടി ഗദകൾ, ഡംബെൽസ്സ്, വീച്ചുവടികൾ മുതലായവ പണിചെയ്തുവെച്ചിരുന്നു. അവയിൽ ഓരോന്നിൻേറയും ഉപയോഗങ്ങളെപ്പററി കുട്ടികൾ അച്ഛനോടു ചോദ്യം ചെയ്കയും അദ്ദേഹം അവയെ പ്രയോഗിച്ചു കാണിച്ചുകൊടുത്തു കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു. അനന്തരം ഇങ്ങനെ വ്യായാമം ചെയ്യുന്നതുകൊണ്ടുള്ള ഗുണത്തെപ്പററി അദ്ദേഹം അവരോടു് ഇപ്രകാരം ഉപദേശിച്ചു.

“യാതൊരു സാധനവും ഉപയോഗിച്ചുകൊണ്ടിരുന്നില്ലെങ്കിൽ വേഗം നശിച്ചുപോകും. ഇരിമ്പും തൊഴിലും ഇരിക്കെ കെട്ടും. അതുപോലെ തന്നെ നമ്മുടെ ശരീ

ഭവും. വ്യായാമം കൊണ്ടു് ദേഹത്തിൽ ബലവും അയ വും ഉണ്ടാകും. വ്യായാമം ഇല്ലെങ്കിൽ മാംസം വദ്ധിച്ച് ദേഹം ക്രമംകെട്ടു തടിക്കും. അപ്പോൾ ശക്തിയും ശ്വാസോച്ഛ്വാസപ്രവൃത്തിയും കുറയുകയും രക്തം വേഗത്തിൽ സഞ്ചരിക്കാതെ രക്താശയമായ ഹൃദയം ദുർബലപ്പെടുകയും ചെയ്യും. വ്യായാമം കുറഞ്ഞ് ദേഹം വിയക്കാതാകുമ്പോൾ രക്തത്തിലുള്ള അഴുക്കുകൾ പുറത്തുപോകാതെ കെട്ടിനില്ക്കും. അപ്പോൾ നിറം വിളറുകയും ബുദ്ധിമന്ദിക്കയും ചെയ്യും. അതോട്ടുകൂടി ദേഹത്തിനാവശ്യമുള്ള ചൂടും, വിശപ്പു്, രുചി ഇതുകൾ ഇല്ലാതായി ആൾ രോഗിയായും തീരും.

വ്യായാമം നിമിത്തം ശ്വാസോച്ഛ്വാസം ത്വരിതമായി നടക്കുന്നു. രക്തം ദേഹമൊട്ടുക്കു വേഗത്തിൽ സഞ്ചരിക്കയും അവിടവിടെയുള്ള ദുഷ്ടുകളെ ഗ്രഹിക്കയും ചെയ്യുന്നു. ഈ ദുഷിച്ച രക്തത്തിനെ ശ്വാസത്തിൽക്കൂടി വരുന്ന പ്രാണവായു ഉടനുടൻ ശുദ്ധമാക്കുന്നു. ഇങ്ങനെ ശ്വാസോച്ഛ്വാസവും രക്തസഞ്ചാരവും ത്വരിതമായി നടക്കുമ്പോൾ നമുക്കു് ഊർജ്ജിതവും ഓജസ്സും ഉണ്ടാകുന്നു. ശ്വാസസ്ഥാനങ്ങൾ വികസിച്ചു തൻേറടവും ഉള്ളുക്കും അധികമാകുന്നു.

"അതിസവ്വത്ര വർജയേൽ" എന്നുണ്ടല്ലൊ. വ്യായാമവും ക്രമംവിട്ടു പാടില്ല. അത്യന്നായി വിശന്നിരിക്കുമ്പോഴൊ വയറു വീത്തിരിക്കുമ്പോഴൊ ക്ഷീണിച്ചിരിക്കുമ്പോഴൊ ചെയ്യരുതു്. കാലത്തോ വൈകുന്നേരത്തോ ഒരു ക്ലിപ്തസമയത്തു ദിവസംതോറും അര മണിക്കൂറിൽ കവിയാതെ ധാരാളം വായുസഞ്ചാരമുള്ള സ്ഥലത്തു മിതമായി വ്യായാമം ചെയ്യേണം"

കേശവൻനായർ ഇങ്ങനെ ഓരോന്നുപദേശിച്ചു തെല്ലാം കുട്ടികൾ ശ്രദ്ധയോടുകൂടികേട്ടു. ഒടുവിൽ രാഘവൻ ഇങ്ങനെ ചോദിച്ചു.

അച്ഛാ, ഫുട്ബാൾ, ടെന്നിസ് മുതലായതുകളും വ്യായാമത്തിൽ ഉൾപ്പെട്ടതാണോ? വെറും കളിക്കായിട്ടു മാത്രമാണെന്നു വിചാരിച്ചു ഞാൻ ഇതുവരെ ഈ മാതിരി വിനോദങ്ങളിൽ ചേൎന്നില്ല. അതുകൊണ്ടു് എൻെറ വാദ്ധ്യാർ എന്നെ ഇന്നാളൊരുദിവസം നന്നായി ശാസിച്ചു.

നായർ—മകനെ! ഈ മാതിരി വിനോദങ്ങളും ഒന്നാംതരം വ്യായാമങ്ങളാണ്. നീയും മാധവനും ദിവസവും പള്ളിക്കൂടം വിട്ടുകഴിഞ്ഞാൽ ഒന്നു രണ്ടു മണിക്കൂറുനേരമെങ്കിലും ഫുട്ബാളോ, ടെന്നിസോ കളിക്കേണം

മാധവൻ—അപ്പോൾ കുഞ്ഞുലക്ഷ്മിയോ?

നായർ—ഫുട്ബാൾകളി സ്ത്രീകൾക്കു യോജിച്ചതല്ല. മദാമ്മമാർ ടെന്നിസ് ധാരാളമായി കളിക്കുന്നുണ്ടു്. നമ്മുടെ സ്ത്രീകൾ ഇതുവരെ ഈ കളി ആരംഭിച്ചിട്ടില്ല. പക്ഷെ അവൎക്കു് ഇതൊന്നുംകൂടാതെതന്നെ വീട്ടിൽ ധാരാളം വ്യായാമത്തിനു വഴിയുണ്ടു്. നമ്മുടെ കുഞ്ഞുലക്ഷ്മി ദിവസവും കാലത്തും വൈകുന്നേരവും വീടും മുററവും മറവും അടിച്ചുതളിക്കുക മുതലായ ജോലികൾ ചെയ്യുന്നുണ്ടല്ലൊ. അവൾക്കു് അതിൽ നിന്നുള്ള വ്യായാമം ധാരാളം മതിയാകും. അല്ലാതെ അവൾ ടെന്നിസു കളിക്കാനും മററും പോയാൽ വീട്ടുജോലികൾ ഒന്നും ചെയ്യുകയുമില്ല. ഒടുവിൽ അവളെക്കൊണ്ടു് അതിനു കൊള്ളാതാവുകയും ചെയ്യും.

രാഘവൻ—അതു ശരിയാണ് അച്ഛാ. സ്ത്രീകളേയും പുരുഷന്മാരെപ്പോലെ വിദ്യാഭ്യാസം ചെയ്യിക്കേണം എന്നല്ലാതെ എല്ലാസംഗതികളിലും അവരെ പുരുഷന്മാരെപ്പോലെ ആക്കുന്നതു ഒരിക്കലും നന്നല്ല. എന്തൊക്കെയായാലും സ്ത്രീകളുടെ പ്രധാനജോലി ഗൃഹഭരണമാണല്ലൊ. അതിലേക്കു വേണ്ട പഠിപ്പും അറിവും അവൎക്കുണ്ടായിരിക്കേണം.

ഇതു കേട്ടപ്പോൾ നായൎക്കു അളവററ സന്തോഷം തോന്നി രാഘവനെ നല്ലതിന്മണ്ണം ഒന്നു തലോടി. രാഘവൻ പറഞ്ഞതു് അമ്മക്കു് അത്ര രസിച്ചില്ലെങ്കിലും മകന്റെ ബുദ്ധിസാമൎത്ഥ്യത്തെപ്പററി അവൎക്കും സന്തോഷമുണ്ടാകാതിരുന്നില്ല.

---

## അദ്ധ്യായം ൭.

വീട്ടു പണിതീൎന്നു; പാലുകാച്ചും കഴിഞ്ഞു. അമ്മാളുഅമ്മക്കു് വലിയ ഉത്സാഹകാലവും വന്നു. പുതിയകെട്ടിടത്തിലേക്കു മാറുന്നതിനുള്ള ഒരുക്കങ്ങൾ എത്രയും ത്വരിതമായി നടന്നു. പലതരം സസ്യങ്ങളുടെ വിത്തുകൾ ഉപ്പിലിട്ടതുകൾ, വററലുകൾ, കുരുമുളകു്, പാക്കു്, പുളി മുതലായവ അവർ ഒരാണ്ടത്തേക്കു വേണ്ടതു ശേഖരിച്ചുവെച്ചു. വെച്ചൂർ, കാങ്കയം എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട ഏഴെട്ടു പശുക്കളും രണ്ടിണ പാണ്ടിക്കാളകളും ഒരു ജോടി പോത്തും ഒരു ജോടി എരുമയും അവർ വാങ്ങിച്ചുചേൎത്തു. ചില ഊക്കൻ കലങ്ങളും വലിയ ചീനഭരണി

കളും പ്രത്യേകം തയ്യാർചെയ്തു. ഇതുകളെയെല്ലാം കൊണ്ടായിരുന്നു അമ്മാളുഅമ്മയുടെ പുറപ്പാട്. പുതുവലിൽ ചെന്നു ചേൎന്നതിൻെറ ശേഷം ഒന്നാമതായി അവരുടെ ശ്രദ്ധയിൽപ്പെട്ടതു് ആ സ്ഥലത്തിനു ഒരു പേരിടുന്ന സംഗതിയായിരുന്നു. ആയതു 'അംബികാലയം' എന്നായിരിക്കേണമെന്നു കേശവൻനായരും, അതല്ലാ 'കേശവപുരം' എന്നാണു വേണ്ടതെന്നു് അമ്മാളുഅമ്മയും ബലമായി തൎക്കിച്ചു. ഇതിന്നിടയിൽ കുട്ടികളിൽ ഓരോരുത്തനും വൃന്ദാവനം എന്നോ പഞ്ചവടി എന്നോ വൈകുണ്ഠം എന്നോ പേരിടേണമെന്നു പറഞ്ഞു ബഹളം കൂട്ടികൊണ്ടിരുന്നു. ഒടുവിൽ കാൎയ്യസ്ഥിയായ അമ്മാളുഅമ്മ പിടിച്ചതുതന്നെ സാധിച്ചു. സ്ഥലത്തിനു കേശവപുരം എന്നു നാമവും സിദ്ധിച്ചു.

പുതിയസ്ഥലത്തു പാൎപ്പുതുടങ്ങി. കുറേദിവസത്തേക്കു സ്ഥലംമാററത്തിൻെറ കുഴപ്പങ്ങളും ക്ഷീണങ്ങളും മററുമായിരുന്നു. അതിൻെറ ശേഷം മേൽപ്രവൃത്തിയെ ഉദ്ദേശിച്ചു് എല്ലാവരുംകൂടി ഒരു ആലോചനനടത്തി. ഇതിൽ അവിടത്തെ രണ്ടു വേലക്കാരും കൂടി ഉൾപ്പെട്ടിരുന്നു. ഒന്നാമതായി ആരംഭിക്കേണ്ടതു മരക്കറികൃഷിയാണെന്നായിരുന്നു അധികംപേരുടേയും അഭിപ്രായം; പക്ഷെ അതിനു തൽക്കാലം ഒരു തടസ്സം നേരിട്ടു. മുമ്പിൽ കൂട്ടിവളം ശേഖരിച്ചുകൊണ്ടുവേണം അതിലേക്കു് ഉത്സാഹിക്കുവാൻ എന്നു കാരണവർ ഉപദേശിച്ചു.

ഭൃത്യൻ—എന്തെല്ലാം വളമാണു വേണ്ടതെന്നു അങ്ങുന്നു പറഞ്ഞുതരേണം. അതിനെ തയ്യാറാക്കുന്ന ഭാരം ഞാൻ ഏററു.

മാധവൻ—അച്ഛാ! ഈ ജോലിക്കു ഞാനും കേളു നായരും ആയിക്കൊള്ളാം, എന്താ?

നായർ—ഓഹോ സമ്മതം തന്നെ. മരക്കറികൃഷിക്കു കരിയിലവളം ഒന്നാന്തരമാണ്. കുഴിയെടുത്ത് അതിൽ കരിയില ശേഖരിച്ചിടേണം. എന്നിട്ട് അതിന്റെ മീതെ കുറേ മണ്ണിട്ടു മൂടേണം. കരിയില പൊടിഞ്ഞു താഴുന്തോറും ഈ ജോലി ആവത്തിക്കേണം. വേനൽക്കാലങ്ങളിൽ കുഴിയിൽ കുറേശ്ശ വെള്ളവും ഒഴിച്ചുകൊള്ളേണ്ടതാണ്.

മാധവൻ:—ശരി! കുണ്ടുവളത്തിലെപ്പോലെ അല്ലെങ്കിൽ വളക്കുഴിയിൽ ചൂടുതട്ടി വളത്തിലെ സാരാംശങ്ങൾ വായുവിൽ ചേൎന്നുപോകും; അല്ലയൊ അച്ഛാ!

നായർ.—ഉവ്വ്. ഇങ്ങനെ തയ്യാറാക്കിയ വളം ഉപയോഗിക്കുന്നതിനു മുമ്പിൽ, അതിൽ അല്പമൊന്നു ചൂടുപിടിപ്പിക്കേണം. അങ്ങനെ ചെയ്താൽ അതിലുള്ള പുഴുക്കളും കൃമികളും നശിച്ചുപോകും.

ഭൃത്യൻ:—കരിയിലയേ വേണ്ടിയൊ അങ്ങുന്നേ! അതിനാണൊ ഇവിടെ പ്രയാസം?

നായർ:—കരിയിലകൂടാതെ കോഴിക്കാട്ടം, കുതിരലത്തി, ചാണകം, ചാരം ഇവയും ഉപയോഗിക്കാം. ഇവയിൽ ആദ്യത്തെ മൂന്നും പഴയതായിരിക്കേണം. പുത്തനിൽ ചൂടു കൂടുതലായിരിക്കും. തറയിൽ നിരത്തിയും മറവും വേണ്ട വിധം പഴകിയശേഷം ഇവയെ കരിയിലവളവുമായി കലത്തിവേണം ഉപയോഗിക്കുവാൻ.

അമ്മ:—വളത്തെക്കുറിച്ചു വേണ്ടിടത്തോളമായല്ലോ. ഇനി ഞങ്ങൾക്കും വല്ലതും ജോലി തരേണം.

നായർ:—നിങ്ങൾക്കോ ജോലിയില്ലാത്തതു്? വിത്തുകൾ തിരിഞ്ഞെടുക്കുന്നതിനും അവയെ പാകി കിളുപ്പിക്കുന്നതിനും നിങ്ങൾ അമ്മയും മകളും തോഴിയും ഉത്സാഹിച്ചുകൊള്ളുക.

കുഞ്ഞുലക്ഷ്മി:—വിത്തു വെറും തറയിൽ പാകിയാൽ മതിയോ അച്ഛാ! ചീരപാകുന്നപോലെ.

നായർ:—അതൊക്കെ നിന്റെ അമ്മയ്ക്കറിയാം അതിലേയ്ക്കായി അവർ ചില പരന്ന ചട്ടികളും പ്രത്യേകം പെട്ടികളും കൂടി കൊണ്ടുവന്നിട്ടുണ്ട്.

കുഞ്ഞു:—അമ്മേ? അതു ഞാനൊന്നു കാണട്ടെ ആ പെട്ടിയും മററും.

കുഞ്ഞുലക്ഷ്മി, കുട്ടിയായിരുന്നെങ്കിലും അവളുടെ അമ്മയെ അനുകരിക്കുവാൻ തക്ക ബുദ്ധി അവൾക്കുണ്ടായിരുന്നു. അത്ര ഇളംപ്രായത്തിൽ തന്നെ പാചകത്തിലും മററുമുള്ള അവളുടെ പരിചയം അസാമാന്യമായിരുന്നു. മരക്കറി കൃഷിയിൽ അവൾ കാണിച്ച ശുഷ്കാന്തി എല്ലാവരേയും വിസ്മയിപ്പിച്ചു. നിലാവുള്ള കാലമായിരുന്നതിനാൽ വൈകുന്നേരം അഞ്ചുമണിമുതൽ രാത്രി ഏഴുമണിവരെയും അമ്മയും മകളും വേലക്കാരിയും ജോലി ചെയ്തുകൊണ്ടിരിക്കും. രാഘവനെ മററതും കൂട്ടരിരുന്നതിനാൽ, അവനും അവരുടെ സംഘത്തിൽ ചേർന്നു. ആണ്ടടക്കം കൃഷിചെയ്യേണ്ട മരക്കറികളുടെ ഒരു ലിസ്റ്റ് രാഘവനും കുഞ്ഞുലക്ഷ്മിയുംകൂടി തയ്യാറാക്കി. അതിൽ വെണ്ട, വഴുതിന, മുളക, പടവലം, വെള്ളരി, മത്ത, കുമ്പളം, ചീനി ഇവ ഉൾപ്പെട്ടിരുന്നു. അമ്മാളുഅമ്മ അതിൽ വാഴ, പിരത്തി (കൈതച്ചക്ക) അമര ഇവയേയും കൂടെ കൂട്ടത്തിലാക്കി ചേർത്തു തൽക്കാലം വേണ്ട മരക്കറികളുടെ പിണ്ണ സ്ഥിരപ്പെടുത്തി.

വിത്തുകൾ എല്ലാം നിരത്തിയിട്ട് കേടുള്ളവയെ തിരിഞ്ഞെടുത്തു, പുവട്ടിൽ കൂടി വെള്ളം വടിഞ്ഞുപോ

കാൻ തക്കവണ്ണം ദ്വാരമുള്ള കുട്ടകളിൽ അടിയിൽ ഒ
ന്നൊന്നര ഇഞ്ച്യ ചരലും (മണ്ണുകൊണ്ടു ദ്വാരം അടഞ്ഞു
പോകാതെ) മുകളിൽ മുക്കാലംഭാഗംവരെ വളംചേൎത്തു
പാകപ്പെടുത്തിയ മണ്ണും ഇട്ടു വിത്തു പാകി അതിൻെറ
ശേഷം മീതെ കുറെ മണ്ണിട്ടു മൂടി സൂൎയ്യരശ്മികൾ തട്ടാത്ത
സ്ഥലത്തു വെച്ച് 'തണലിട്ടു' ദിവസംപ്രതാറും നനച്ചു
വളർച്ച മോശമായിക്കണ്ട തൈകളെ ഉടനുടൻ പിഴുതു
മാററി. വല്ല കൃമികളൊ ചെറുപ്രാണികളൊ മററൊ
തൈകളെ ഉപദ്രവിക്കാതെ സൂക്ഷിച്ചുകൊണ്ടു

തൈകൾ പാകിക്കഴിഞ്ഞ ഉടൻ നിലമിളക്കുന്നതി
ൻെറയും വളം ചേൎക്കുന്നതിൻെറയും മററും ജോലികളാ
യി. വീട്ടുവളപ്പിൻെറ കിഴക്കും വടക്കുമുള്ള വെളിസ്ഥല
ങ്ങളാണ് ഈ കൃഷിക്ക നിശ്ചയിച്ചിരുന്നതു. അതു പശ
മണ്ണും മണലും ഇടകലൎന്ന ഒരുതരം ഭൂമിയായിരുന്നു. ച
രൽ കൂടുതലാണെന്ന് ഒരു ദോഷം മാത്രമേ അതിനുണ്ടാ
യിരുന്നുള്ളു. നല്ലതിൽ നാലുകൂലിക്കാരെ നിറുത്തി ഒരു
ദിവസംകൊണ്ടു സ്ഥലംമുഴുവൻ കിളച്ച് മറിച്ച് മണ്ണി
ളക്കി ചാലുകൾ പെറുക്കിക്കളകയും കല്ലുകളിവരിച്ച്
പൊടിമണ്ണു വേർതിരിക്കയും ചെയ്യുന്ന ജോലികൾ വീട്ടു
കാർ എല്ലാവരുംകൂടിത്തന്നെ നടത്തി.

ഇങ്ങനെ അവർ അതതു കാലത്തിനു ചേൎന്ന മരക്ക
റിവിത്തുകൾ പാകി മുളച്ചതു കിളവൊരുക്കി വളം ചേ
ൎത്തിണക്കിയ മണ്ണിൽ നട്ടു വെള്ളം കോരിയും പന്തലിട്ടും
മററും ശുശ്രൂഷിച്ച് ഉത്തമങ്ങളായ ഫലങ്ങളെ ഉല്പാ
ക്കി വിശേഷവിധിയായി പാകംചെയ്ത് അനുഭവിച്ചുതു
ടങ്ങി. "സമ്പത്തുകാലത്തു തൈ പത്തുവെച്ചാൽ ആപ
ത്തുകാലത്തു കാ പത്തുതിന്നാം" എന്നുള്ള പഴമൊഴിയുടെ
സാരം കേശവപുരത്തിലെ മൂന്നു കുട്ടികൾക്കും ആയിടയ്ക്കു
തന്നെ നല്ലതിന്മണ്ണം വെളിപ്പെട്ടു.

അദ്ധ്യായം ൮

കേശവപുരത്തിനു ഒരു മൂന്നു മൈൽ അകലെയുള്ള മിഷ്യൻ പള്ളിക്കൂടത്തിലായിരുന്നു നമ്മുടെ കുട്ടികൾ പഠിച്ചുകൊണ്ടിരുന്നതു്. അവിടെ ഒഴിവുദിവസങ്ങൾ സാമാന്യമായും വിശേഷാലായും കുറെ കൂട്ടതലുണ്ടായിരുന്നു. പക്ഷെ അതുകൊണ്ടു പഠിത്തത്തിനു് പറയത്തക്ക ന്യൂനതയൊന്നും വന്നില്ല. വിശേഷിച്ചു കുട്ടികൾക്കു് കൃഷിസംബന്ധമായ സംഗതികളിൽ പരിചയം സിദ്ധിക്കുന്നതിനു് വേണ്ട സൌകര്യങ്ങളും ലഭിച്ചു. അതിൻെറ ഫലമായിട്ടു് അഞ്ചാറുമാസക്കാലത്തിനകം വീട്ടുവളപ്പിൽ കിഴക്കും വടക്കുമുള്ള സ്ഥലം മിക്കവാറും ഓരോ സസ്യങ്ങളെക്കൊണ്ടു് നിറഞ്ഞു. തെക്കുവശത്തു പിച്ചകം, മുല്ല, റോസ, മുതലായ പൂച്ചെടികൾ പരിമളം പരത്തിക്കൊണ്ടിരുന്നു. ഗൃഹത്തിലെ പ്രധാന ഭൃത്യയായ കാളി അമ്മയുടേയും നമ്മുടെ രാഘവൻ കുട്ടിയുടേയും ഉത്സാഹത്താലായിരുന്നു അവിടെ ഇങ്ങനെ ഒരു പൂന്തോട്ടം ഉണ്ടായതു്. ആദ്യം ആൎക്കും തന്നെ ഇതൊരു സാരമുള്ള കാൎയ്യമായി തോന്നിയില്ല. എങ്കിലും പിന്നെ അതിൽ വെച്ചു് എല്ലാവൎക്കും വളരെ സന്തോഷത്തിനു് വകയുണ്ടായി.

പള്ളിക്കൂടത്തിൽ പ്രകൃതിപഠനം ഒരു നിൎബന്ധവിഷയമായിരുന്നു. അതു സംബന്ധമായി കന്നുകാലികളുടെ ലക്ഷണങ്ങളേയും അവയെ സൂക്ഷിക്കേണ്ടവിധങ്ങളേയുംപററി കുട്ടികൾക്കു് പല സംഗതികളും ഗ്രഹിക്കാനുണ്ടായിരുന്നു അച്ഛനോടു് അവർ ആവശ്യപ്പെട്ടപ്പോൾ അതു തന്നെക്കാൾ അമ്മയ്ക്കാണു് അധികം നിശ്ചയമെന്നു പറഞ്ഞു അദ്ദേഹം ഒഴിഞ്ഞുകളയും. കാൎയ്യം പരമാൎത്ഥവുമാണു്. അമ്മയ്ക്കാകട്ടെ പലതരം ഗൃഹജോലികൾകൊണ്ടു ഇരിക്കപ്പൊറുതിയും ഇല്ല. അങ്ങനെയായ ഒരു ഞായറാഴ്ചദിവസം ഉച്ചതിരിഞ്ഞസമയം അവരുടെ അപേക്ഷയെ സാധിച്ചുകൊ

ട്ടുകാമെന്നു് വല്ലവിധവും അമ്മാളുഅമ്മ സമ്മതിച്ചു. അമ്മയും മക്കളുംകൂടി ഒന്നാമതായി കന്നുകാലികളുടെമേച്ചൽ സ്ഥലംതന്നെ സന്ദശിക്കാമെന്നു നിശ്ചയിച്ചു. അവിടെ പലതരം പശുക്കരം അങ്ങനെ മേഞ്ഞുനടന്നിരുന്നു.

അമ്മാളു അമ്മ:—കുട്ടികളെ! നിങ്ങൾക്കു ഒരു നല്ല പശുവിൻെറ ലക്ഷണങ്ങൾ അറിയാമോ?

രാഘവൻ.—ഒരു നല്ല പശുവിനു് നെററിയിലും വാലിലും ചുട്ടികൾ ഉണ്ടായിരിക്കും

കുഞ്ഞുലക്ഷ്മി:—പശുവിൻെറ വാലു് നിലത്തു കിടന്നിഴയേണം. സ്ത്രീകൾക്കു തലമുടിയും പശുക്കൾക്കു വാലും ഒരുപോലെയാണു്.

അമ്മ:—ശരി, നിങ്ങൾ പറഞ്ഞതിൽ കുറച്ചൊക്കെ പരമാത്ഥമുണ്ടു്. ഉദാഹരണം, വാലുതന്നെ. വാലു് നീണ്ടുള്ള പശുവിനു അഴകു കൂടുതലാണു്. വിശേഷിച്ചു് ഈച്ചകളേയും മററും ആട്ടിക്കളവാൻ അതു കൂടുതലായി ഉപകരിക്കയും ചെയ്യും. ആകട്ടെ, ഒരു പശുവിൻെറ ദേഹത്തിൽ ഏററവും പ്രധാനമായി നാം വിചാരിക്കേണ്ട ഭാഗം ഏതാണു്;

മാധവൻ:—അതു് നിശ്ചയമായും അതിൻെറ തലതന്നെ "എൺചാൺ ഉടമ്പുക്കു ശിരസെ പ്രമാണം" എന്നല്ലെ പഴമൊഴി അതു് എല്ലാ ജന്തുക്കൾക്കും സംബന്ധിക്കും.

അമ്മ:—അതു ശരിതന്നെ; പക്ഷെ മനുഷ്യക്കു ആ ജന്തുവിൽ നിന്നുള്ള പ്രയോജനത്തെ ഉദ്ദേശിച്ചാണു് ഞാൻ പറഞ്ഞതു്. അങ്ങിനെ നോക്കുമ്പോൾ ഏററവും പ്രധാനപ്പെട്ടതു പശുവിൻെറ അകിടാണു്; ഇതാ, ഈ വെച്ചൂർ പശുവിൻെറ അകിടു നോക്കുക. അതിൻെറ വലിപ്പം ഉടലിൻെറ സ്ഥിതിയിൽ കവിഞ്ഞിരിക്കുന്നു. ഇതിൽ ഇപ്പോൾപാൽ നിറഞ്ഞിരിക്കയാണു്. കറന്നു തുടങ്ങുമ്പോൾ ഇതു ചുരുങ്ങിത്തുടങ്ങും; പിന്നെ കറക്കാറാകുമ്പോൾ വീണ്ടും വീത്തുവരും.

കുഞ്ഞു:—എല്ലാ പശുക്കൾക്കും അങ്ങനെ അല്ലയോ അമ്മാ?

അമ്മ:—ചില പശുക്കളുടെ അകിടു തടിച്ചിരിക്കും പക്ഷെ പാൽ കുറവായിട്ടേ കാണുകയുള്ളു. കറന്നുകഴിഞ്ഞാൽ അകിടു അത്രതന്നെ ചുരുങ്ങുകയുമില്ല. ഇനിയും അകിടിൻെറ വശങ്ങളിലുള്ള രക്തക്കുഴലുകൾ നോക്കുക അവയ്ക്കു ക്രമത്തിലധികം വലിപ്പമുണ്ടു്. മുലകളും അപ്രകാരം തന്നെ.

രാഘവൻ:—അതു ശരി. അമ്മ നെററിയെക്കുറിച്ചു ഒന്നും പറഞ്ഞില്ലല്ലോ. ചുട്ടിവേണ്ടതുണ്ടൊ?

അമ്മ—ചുട്ടി വേണമെങ്കിൽ ഇരുന്നുകൊള്ളട്ടെ; വിരോധമില്ല; പക്ഷെ നെററി വിസ്തീർണ്ണമായി മൂക്കിൻെറ ഭാഗത്തോട്ടു ചരിഞ്ഞിരിക്കേണം. കണ്ണുകൾക്കും സാമാന്യം വലിപ്പവും ശാന്തഭാവവും കാണേണം. പശുക്കളുടെ കാര്യത്തിൽ ഒന്നാമതായി നോക്കേണ്ടതു് അവയുടെ ശാന്തശീലമാണു്.

കുഞ്ഞു:—ഇത്രയെ ഉള്ളോ ലക്ഷണങ്ങൾ?

അമ്മ:—അല്ല വേറെ പലതുമുണ്ടു്. ചിലതുകൂടെ പറയാം. (൧) കഴുത്തു കുറുകിത്തടിച്ചിരിക്കേണം (൨) നെഞ്ചിനു വിസ്താരം കൂടിയിരിക്കേണം. (൩) ദേഹം വീപ്പപോലെ ഉരുണ്ടിരിക്കേണം. (൪) ചണ്ണ എന്നുപറയുന്ന പൃഷ്ഠം വികസിച്ചു തടിച്ചിരിക്കേണം (൫) കാലുകൾ നീളംകുറഞ്ഞു നിവർന്നിരിക്കേണം (൬) മുതുകു, കഴുത്തുമുതൽ വാലുവരെ നിരപ്പായിരിക്കേണം.

രാഘവൻ:—അമ്മെ മതി, മതി, മതി, അയ്യൊ? എനിയ്ക്കിതെല്ലാം ഒന്നായി ഓർക്കാൻമേലാ. നോക്കട്ടെ അകിടു, നെററി, കഴുത്തു്, നെഞ്ചു്—

മാധവൻ:—ദേഹം, പൃഷ്ഠം.

കുഞ്ഞു:—കാലു, മുതുകു്

രാഘവൻ:—അതൊക്കെയിരിക്കട്ടെ: അമ്മേ! അതാ ആ മരത്തിൻെറ ചുവട്ടിൽ നമ്മുടെ രുക്മിണിയെ

മാത്രം അങ്ങനെ കെട്ടിയിരിക്കുന്നതെന്തിനായിട്ട്?

കുഞ്ഞു:—അതൊ അതിന്ന് ഗർഭമായിട്ട്.

അമ്മ:—ശരിതന്നെ. ഗർഭമുള്ള പശുക്കളെ വെയിലുകൊള്ളിക്കുക, മഴനനയിക്കുക, കൂട്ടത്തിൽ അഴിച്ചുവിടുക, മററവിധത്തിൽ ബദ്ധപ്പെടുത്തുക, ഇതൊന്നും പാടില്ല.

രാഘവൻ:—ഇതു പ്രസവിച്ചിട്ട് ഇനിയും ആറമാസം ആയില്ലല്ലൊ. അതിനു മുൻപു ഗർഭമായൊ? അങ്ങനെയാണൊ പതിവു?

അമ്മ:—നാട്ടനടപ്പു സാധാരണമായിഅങ്ങനെയല്ല. രണ്ടാണ്ടിലൊരിക്കലെ പ്രസവത്തിന്ന് വകയുള്ളു. പക്ഷെ വേണമെങ്കിൽ ഒരാണ്ടിലൊരിക്കലും പ്രസവം ആകാം.

രാഘവൻ:—അതു കുട്ടിക്കു് കഷ്ടപ്പാടല്ലെ? അതിനു പാൽ കിട്ടുകയില്ലല്ലൊ.

അമ്മ:—പ്രസവിച്ച് ഒരുമാസം കഴിഞ്ഞാൽ ക്രമേണ കുട്ടിക്ക് വേറെ തീററികൾ കൊടുത്തു തുടങ്ങാം. മൂന്നുമാസംകൊണ്ടു പാൽ നിശ്ശേഷം നിറുത്തി മററ തീററികൾ തന്നെ കൊടുത്തുകൊള്ളാം. ഇതൊക്കെ ശീലിപ്പിക്കുന്നതുപോലെ ഇരിക്കും.

അവർ ഇങ്ങനെ സംഭാഷണംചെയ്തു നടന്ന് തൊഴുത്തിൽ ചെന്നു് ചേൎന്നു. അപ്പോഴേക്കും നേരംനന്നെവെളുത്തുതുടങ്ങി. തൊഴുത്തിൽ പാൽകറക്കുന്ന സമയമായി.

രാഘവൻ:— നമ്മുടെ ഈ മീനാക്ഷിക്കൊമ്പിച്ചിയെ ഈയിടെ മിക്കദിവസവും കുളിപ്പിക്കുന്നുണ്ടു്. മററ പശുക്കളെ അങ്ങനെ കുളിപ്പിക്കുന്നില്ലതാനും. അതിൻെറ കാരണം എന്താണാവൊ? അതിനെക്കൊണ്ടു് അനുഭവമുള്ളതുകൊണ്ടായിരിക്കാം.

അമ്മ:—അനുഭവവും ആവശ്യവും ഈ കാൎയ്യത്തിൽ യോജിച്ചിരിക്കുന്നു. കുളിപ്പിക്കയും തുടക്കുകയും മററും ചെയ്താൽ പശുവിനു കൂടുതൽ സുഖം കാണും. അപ്പോൾ

അതിൽ നിന്ന് കൂടുതൽ പാൽ കിട്ടുകയും ചെയ്യും. എന്നാൽ അതിലും പ്രധാനമായിട്ട് വേറൊരു കാരണമുണ്ടു. കറക്കുന്ന പശുവിൻെറ വാലിലും ദേഹത്തുമൊക്കെ അഴുക്കുകളിരുന്നാൽ അതു പാലിൽ കടന്നുകൂടാനിടവരും. അതുനിമിത്തം പാൽ കുടിക്കുന്നവൎക്ക് പലരോഗങ്ങളുമുണ്ടാകും.

മാധവൻ:—ഓഹോ. മനസ്സിലായി. അതിനെപ്പററി ഇന്നാൾ ഒരുദിവസം ഞങ്ങടെ സാർ ചിലതൊക്കെ പറഞ്ഞുതന്നു.

കുഞ്ഞു:—എന്തെല്ലാമാണ്? കേൾക്കട്ടെ.

മാധവൻ:—നമുക്കു കണ്ണുകൊണ്ടു കാണ്മാൻ പാടില്ലാത്തതായിട്ട് ഒരു തരം പ്രാണികൾ വായുവിലുണ്ട്. അവയിൽ ഒരെണ്ണം പാലിൽ കടന്നുകൂടിയാൽ മതി. അതു ക്ഷണത്തിൽ വൎദ്ധിച്ചു ചിലപ്പോൾ അസംഖ്യമായിത്തീരും. ആ പാൽ കുടിക്കുന്നവൎക്ക് പല മാതിരി രോഗങ്ങളുണ്ടാകും.

രാഘവൻ:—അപ്പോൾ അതിനെന്താ നിവൃത്തി?

അമ്മ: പശുവും അതിനെ കെട്ടുന്ന സ്ഥലവും കറക്കുന്ന ആളും കറക്കുന്നതിനുപയോഗിക്കുന്ന പാത്രവും എല്ലാം വൃത്തിയായിരിക്കണം. കുട്ടി കുടിക്കുമ്പോളെല്ലാം പശുവിൻെറ അകിട് വൃത്തിയായിട്ട് കഴുകി വെള്ളത്തുണികൊണ്ടു തുടക്കണം. കറന്ന പാലിനെ കട്ടിത്തുണികൊണ്ടരിച്ച് വാവട്ടം കുറഞ്ഞ പാത്രങ്ങളിൽ ആക്കി മുറുകെ അടക്കണം.

കുട്ടികൾ ഇതിന്നിടയിൽ പാൽ കറക്കുന്നിടത്തു ചെന്നു ഉററു നോക്കി എല്ലാം അമ്മ പറഞ്ഞതുപോലെ ശുചിയായിരിക്കുന്നോ എന്നു പരിശോധിച്ചു. അതിൻെറ ശേഷം —

കുഞ്ഞു:—അമ്മെ അന്ന് ആ രാമശ്ശാരു ഇവിടുന്ന് കൊണ്ടുപോയ പാൽപിരിഞ്ഞു പോയെന്നു പറഞ്ഞു വല്ലൊ. അതെന്താണ്

അമ്മ—പാലിൽ അണുകൃമികൾ കണക്കിലധികം കേറീട്ടുതന്നെ. അന്ന് അയാൾ പാൽ വാങ്ങാൻ കൊണ്ടുവന്ന പാത്രം കണ്ടില്ലേ? തട്ടുപിഞ്ഞാണംപോലെ പരന്ന വായുമായിട്ടു. ഒരു ഇല അതിന്റെ മീതെ വെച്ചതു കൊണ്ടു വല്ലതുമായോ? എത്രദൂരം കൊണ്ടുപോകണം,

രാഘവൻ—അപ്പോൾ നല്ല പാൽ അന്യരാജ്യങ്ങളിൽ നിന്നു തകരത്തിലടച്ചു വരുന്നതോ?

അമ്മ—അവിടങ്ങളിൽ കറന്ന പാലിനെ പ്രത്യേകം പാത്രങ്ങളിൽ അടച്ചു ചൂടുപിടിപ്പിക്കും; അപ്പോൾ അതിലുള്ള അണുകൃമികൾ മുഴുവൻ നശിച്ചുപോകും. മുറുകെ അടച്ചിരിക്കുന്നതുകൊണ്ട് വായുവും അതുവഴി വേറെ അണുകൃമികളും അതിനകത്തു പ്രവേശിക്കയും ഇല്ല.

രാഘ—അതിനും യന്ത്രമുണ്ടാക്കിയിരിക്കുന്നോ?

മാധ—കൊള്ളാം! അതിനു മാത്രമോ? കറന്ന പാലിൽ നിന്ന് ഉടനെ വെണ്ണ എടുക്കുന്നതിനു, വെണ്ണയിലെ വെള്ളം ഞെക്കിക്കളയുന്നതിനു, ഈ വകയ്ക്കെല്ലാം യന്ത്രങ്ങൾ—പിന്നെ മച്ചിപ്പശുവിനു എന്നും കറക്കുന്നതിന്, പ്രസവിക്കുന്നതിന് രണ്ടുമാസം മുൻപുവരെ എല്ലാ പശുക്കളേയും കറക്കുന്നതിനു, കുട്ടിയില്ലാതെ പശുവിനെ കറക്കുന്നതിനു ഈ വകയ്ക്കൊക്കെ ഓരോ മാർഗ്ഗങ്ങൾ; ഇങ്ങനെ എന്തെല്ലാം പരിഷ്കാരങ്ങൾ അവിടങ്ങളിൽ ഇപ്പോൾ നടപ്പിലായിരിക്കുന്നു!

അമ്മ—മഹാനായ ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെയും നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെയും കരുണകൊണ്ടു ഇങ്ങനെയുള്ള പരിഷ്കാരങ്ങൾ നമ്മുടെ നാട്ടിലും കാലക്രമേണ നടപ്പിൽ വരും. നമുക്കു അതിലേയ്ക്കായി ജഗദീശ്വരനെ പ്രാർത്ഥിക്കാം.

MALAYINKEEL



404

# ബാലബോധിനി

1. 50

എൻ. കുഞ്ഞൻപിള്ള,
എം. എ., ബി. എസ്‌സി., പിഎച്ച്. ഡി.

ബി. വി. ബുക്ക് ഡിപ്പോ,
തിരുവനന്തപുരം.